# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴിമണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.22/ 2802/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴിമണ്ണ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.22/ 2802/2023 തീയ്യതി: 23/12/2023

## മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-10-2022 മുതൽ 06-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2023 | 15-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2023 | 15-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1)ശ്രീ. ദിനേശൻ. എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2)ശ്രീ.അബ്ദുസ്സലാം.പി,സിനിയർ ഗ്രേഡ് ഓഡിറ്റർ.

3)ശ്രീമതി. ശംസിയ.കെ,സിനിയർ ഗ്രേഡ് ഓഡിറ്റർ.

4)ശ്രീമതി. ഹസീന.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആതിര സുധീവ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷംലി.ഐ.പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.കെ ജയകുമാർ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.നസ്മിയ.കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ജിസ.എം.ജോസ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ജോണി തോമസ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി .പാത്തുമ്മ.ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.റഹീന.എം.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 11-05-2022 |
| ഡോ.സുബൈർ.എ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 12-05-2022 | 31-03-2023 |
| ഡോ.സുനന്ദ കുമാർ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുധീര.ഒ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുദേഷ്ണ പാലോളി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 27-02-2023 |
| ശ്രീ.ഉസ്മാൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 28-02-2023 | 01-03-2023 |
| ശ്രീമതി.ബിൻസി | അസിസ്റ്റന്റ് എഞ്ചിനിയർ | 02-03-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-3 |
| 5 | ACR പ്രകാരമുള്ള വരവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-5 |
| 7 | PDE ഫയലുകൾ ലഭ്യമാക്കിയില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക നില | 1-3 |
| 10 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം. | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 17 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-11 |
| 18 | തനതു വരുമാനം-അവലോകനം. | 1-12 |
| 19 | ഹരിത കർമ്മസേന വാഹനം വാങ്ങൽ - ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയില്ല | 1-13 |
| 20 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹതപ്പെട്ട മുഴുവൻ തുകയും നൽകിയില്ല | 1-14 |
| 21 | വാട്ടർ പ്യൂരിഫയർ റെയിഡ്കോയിൽ നിന്നും നേരിട്ടുള്ള പർച്ചേസ് - സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ് | 1-15 |
| 22 | വാട്ടർ ടാങ്ക് വിതരണം - ജി.എസ്.ടി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-16 |
| 23 | നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-17 |
| 24 | വാട്ടർ പ്യൂരിഫയർ റെയിഡ്കോയിൽ നിന്നും നേരിട്ടുള്ള പർച്ചേസ് - സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-18 |
| 25 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-19 |
| 26 | ലൈസൻസ് ഫീസ്-അപാകതകൾ. | 1-20 |
| 27 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി മൺച്ചട്ടികൾ വാങ്ങി . | 1-21 |
| 28 | കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-22 |
| 29 | കെൽട്രോണിന് അധിക തുക നൽകി | 1-23 |
| 30 | കരാർ കാലയളവിനുള്ളിൽ പ്രൊജക്റ്റ് പൂർത്തീകരിക്കാത്തത് - പിഴ ഈടാക്കിയിട്ടില്ല. | 1-24 |
| 31 | കിണറിൽ റിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു | 1-25 |
| 32 | എം.ജി.എൻ.ആർ.ഇ.ജി.എ - പ്രവൃത്തി നിർവ്വഹണം - അപാകതകൾ | 1-26 |
| 33 | ഹരിത കർമ്മ സേന അവലോകനം | 1-27 |
| 34 | ഭവന മേൽക്കൂര മാറ്റൽ, വീട് വാസയോഗ്യമാക്കൽ–എസ്റ്റിമേറ്റ് ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-28 |
| 35 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-29 |

| | | |
|---|---|---|
| 36 | വാട്ടർ പ്യൂരിഫയർ റെയിഡ്കോയിൽ നിന്നും നേരിട്ട വാങ്ങിയത് സംബന്ധിച്ച്. | 1-30 |
| 37 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)നിർവ്വഹിച്ച പ്രൊജക്ടുകൾ -അപാകതകൾ | 1-31 |
| 38 | ന്യൂട്രിമിക്സ് വിതരണം-ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കിയിട്ടില്ല. | 1-32 |
| 39 | ആർട്ടകോയിൽ നിന്നും പർച്ചേസ് നടത്തിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-33 |
| 40 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അർഹമായ തുക നൽകുന്നില്ല | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കിണറിൽ റിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു | 3-1 |
| 2 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കിഴങ്ങ് വർഗ്ഗങ്ങൾ അധികവിലക്ക് വാങ്ങി. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം . | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.07-2023 ലെ 2(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 14.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുഴിമണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം:
തീയതി:

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalents' ആയി രേഖപ്പെടുത്തിയ തുകയും (16126042) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' ആയി

രേഖപ്പെടുത്തിയ തുകയും (18264785) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 ACR പ്രകാരമുള്ള വരവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

താഴെ കൊടുത്തിരിക്കുന്ന ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങൾ, എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | വാർഷിക കണക്ക് പ്രകാരം. (I-6 + B-3) | എ.സി.ആർ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 19423965+446094=19870059 | 18503510 |
| വികസനഫണ്ട് (എസ്.സി.പി) | 8576291 + 200000 = 8776291 | 7918905 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 1649030+1280677=2929707 | 3601950 |

### 1-1-5 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 20000/- രൂപ നിക്ഷേപമുണ്ട്.ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-1-6 PDE ഫയലുകൾ ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ ILGMS നടപ്പിലാക്കിയ വേളയിൽ സാംഖ്യയിൽ തയ്യാറാക്കിയ സാമ്പത്തിക ഇടപാടുകളുടെ ആകെ ഡാറ്റാ പി ഡി ഇ ( Past Data Entry) ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ മുഴുവൻ വിവരങ്ങളും ILGMS ൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | (പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1(1)- 21.03.2022 | 5(1)/2023- 16.03.2023 |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 32132770 |
| വരവ് | 168978498 |
| ആകെ | 201111268 |
| ചെലവ് | 152852456 |
| നീക്കിയിരിപ്പ് | 48258812 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20213235 | 20213235 | 18503510 | 1709725 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8041060 | 8041060 | 7918905 | 122155 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 19059000 | 19059000 | 10737313 | 8321687 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5343000 | 5343000 | 3206649 | 2136351 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ് ബേസിക്) | 0 | 4197636 | 4197636 | 3856589 | 341047 |

| | | | | | |
|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(റൈഡ്) | 0 | 8714473 | 8714473 | 3601950 | 5112523 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 344 | 146632929 | 229 | 74323969 | . | 115 | 66.56% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1032749 | 1032749 | 1032749 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32731636 | 32731636 | 32731636 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4800 | 4 |
| കർഷക തൊഴിലാളി പെൻഷൻ | 4713000 | 3076 |
| വിധവാപെൻഷൻ | 11279600 | 7138 |
| വാർദ്ധക്യകാലപെൻഷൻ | 22412600 | 14915 |
| വികലാംഗപെൻഷൻ | 5208400 | 3281 |
| വിവാഹധനസഹായം | 90000 | 3 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 345000 | 229 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2023 ന് 2.30 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12118/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്നിവയിൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

3. ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാ കാര്യങ്ങളിലും ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടൽ ഫലപ്രദമാക്കേണ്ടതും മീറ്റിംഗുകൾ യഥാസമയം നടത്തേണ്ടതുമാണ്.

4. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോർ, ഓഫീസ്

ഫർണ്ണീച്ചറുകൾ, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമാവുന്നില്ല. ഗവ.സർക്കുലർ 86/2010/ഫിൻ തീ. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

5. സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടില്ല.

6. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിക്കേണ്ടതാണ്.

7. ഗ്രാമപ്പഞ്ചായത്തിന്റെ ഓഡിറ്റ് പരാമർശങ്ങളിൽ കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

8. ഗ്രാമപ്പഞ്ചായത്തിന്റെ നികുതികൾ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും ലഭിക്കാനുള്ള കുടിശ്ശിക ഈടാക്കുന്നതിനും തനത് വരുമാനം വർധിപ്പിക്കുന്നതിനും പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ക്രിയാത്മക ഇടപെടൽ ഉണ്ടാവേണ്ടതാണ്.

9. നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.06.2022 | 02/2022-05/2022 | 20.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.03.2011 | 2009-10 | 12.05.2011 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുവരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമനമ്പർ | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ഫണ്ട് ഇനം | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | 28/2013-14 - സ്ട്രീറ്റ് ലൈറ്റിന് മീറ്റർ സ്ഥാപിക്കൽ | 2013-14 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 106,000 | Own Fund - 106000 | 0 | 106,000 |
| 2 | 220/2013-14 - അംഗനവാടികൾക്ക് വൈദ്യുതി ലഭിക്കുന്നതിന് ഒ.വൈ.ഇ.സി അടക്കൽ | 2013-14 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 70,000 | Maintenance Fund - Non-road Assets - 70000 | 0 | 70,000 |
| 3 | 166/2014-15 - അംഗനവാടികൾക്ക് | 2014-15 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി | 100,500 | Maintenance Fund - Non- | 0 | 100,500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സി.ഡി, ഒ.വൈ.ഇ.സി അടവാക്കൽ | | ബോർഡ് | | road Assets - 80000 , Own Fund - 20500 | | |
| 4 | പുളിയക്കോട് സബ്സെന്റർ കുഴൽകിണർ നിർമ്മാണം | 2017-18 | ഭൂജല വകുപ്പ് | 39,020 | - | 0 | 39,020 |
| 5 | ആനക്കല്ലിങ്ങൽ അംഗനവാടി കുഴൽകിണർ നിർമ്മാണം2017-18 | 2017-18 | ഭൂജല വകുപ്പ് | 38,590 | - | 0 | 38,590 |
| 6 | കുന്നത്ത് അംഗനവാടി കുഴൽകിണർ നിർമ്മാണം | 2017-18 | ഭൂജല വകുപ്പ് | 35,090 | - | 0 | 35,090 |
| 7 | നീരുട്ടിക്കൽ അംഗനവാടി കുഴൽകിണർ നിർമ്മാണം | 2017-18 | ഭൂജല വകുപ്പ് | 40,740 | - | 0 | 40,740 |
| 8 | കൊടിക്കുന്ന് അംഗനവാടി കുഴൽകിണർ നിർമ്മാണം | 2017-18 | ഭൂജല വകുപ്പ് | 36,380 | - | 0 | 36,380 |
| 9 | സമ്പൂർണ്ണ വൈദ്യുതീകരണം | 2017-18 | കെ.എസ്.ഇ.ബി | 27,876 | - | 0 | 27,876 |
| 10 | ആലിൻചുവട് എക്കാപറമ്പ് റോഡ്-ചീക്കോട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരള ജല അതോറിറ്റി | 225,000 | - | 0 | 225,000 |
| 11 | 227/2018-19 - അത്തിക്കലോടി അംഗനവാടി ലൈൻ വലിക്കൽ | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 15,919 | Maintenance Fund - Non-road Assets - 15919 | 0 | 15,919 |
| 12 | 236/2018-19 - കോതൊടി എസ്.സി കോളനി കുഴൽ കിണർ നിർമ്മാണം | 2018-19 | ഭൂജല വകുപ്പ് | 34,050 | Development Fund (S.C.P) - 34050 | 23100 | 10950 |
| 13 | 275/2018-19 - ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ എക്കാപറമ്പ് | 2018-19 | കേരളാ വാട്ടർ അതോറിറ്റി | 500,000 | Own Fund - 500000 | 0 | 500,000 |
| 14 | 322/2018-19 - ചീക്കോട് കുടിവെള്ളപദ്ധതി ലൈൻ എക്സ്റ്റൻഷൻ | 2018-19 | കേരളാ വാട്ടർ അതോറിറ്റി | 350,000 | Own Fund - 350000 | 298717 | 51283 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വാർഡ് 16 | | | | | | |
| 15 | 271/2019-20 - ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ (വാർഡ് 14 ഇട്ടിപറമ്പ് -കഴുങ്ങുംചോല) | 2019-20 | കേരളാ വാട്ടർ അതോറിറ്റി | 130,000 | Own Fund - 130000 | 0 | 130,000 |
| 16 | 363/2019-20 - ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എസ്റ്റെൻഷൻ(വാർഡ് 14 കാളമ്പ്രം ചെറുപറമ്പ് ) | 2019-20 | കേരളാ വാട്ടർ അതോറിറ്റി | 300,000 | Own Fund - 300000 | 0 | 300,000 |
| 17 | 15/2020-21 - ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ (വാർഡ് 14 കവുങ്ങുംചോല ഭാഗം) | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 200,000 | Development Fund (CFC Tied Grant) - 200000 | 0 | 200,000 |
| 18 | 17/2020-21 - പെരുന്തായത്ത് പറമ്പ് കോരണാത്ത് ത്രീഫൈസ് ലൈൻ വലിക്കൽ | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 146,102 | Own Fund - 146102 | 0 | 146,102 |
| 19 | 18/2020-21 - ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എസ്റ്റക്ഷൻ (വാർഡ് 15 ആലിൻചുവട് അംഗനവാടി) | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 275,000 | Development Fund (CFC Tied Grant) - 275000 | 0 | 275,000 |
| 20 | 207/2020-21 - ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എസ്റ്റക്ഷൻ (വാർഡ് 16) | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 300,000 | Development Fund (CFC Tied Grant) - 300000 | 0 | 300,000 |
| 21 | 290/2020-21 - ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റെൻഷൻ (കുഴിയംപറമ്പ് കപ്പൂർ അണ്ടിക്കോട്ട് പള്ളിയാളി റോഡ്) | 2020-21 | കേരളാ വാട്ടർ അതോറിറ്റി | 180,000 | Development Fund (CFC Basic Grant) - 180000 | 0 | 180,000 |
| 22 | 218/2021-22 - സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,209,736 | Development Fund (CFC Basic Grant) - 1209736 | 0 | 1,209,736 |
| 23 | 293/2021-22 - ഇലക്ട്രിക്ക് | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി | 85,208 | Own Fund - 85208 | 0 | 85,208 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | | ബോർഡ് | | | | |
| 24 | 338/2021-22 - ചീക്കോട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റെൻഷൻ വാർഡ് 16 | 2021-22 | കേരളാ വാട്ടർ അതോറിറ്റി | 74,000 | Own Fund - 74000 | 0 | 74,000 |
| **ആകെ** | | | | **4,519,211** | | | **4,197,394** |

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 01/07.12.2023) മറുപടി ലഭ്യമാക്കിയില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതും, വിനിയോഗത്തിന് ശേഷം ലഭ്യമാവാൻ അവശേഷിക്കുന്ന തുകകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതുമാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-12 തനതു വരുമാനം-അവലോകനം.

തനതു വരുമാനം- കുഴിമണ്ണ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സ് പ്രകാരം ആകെ 15 മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ച് കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുഴിമണ്ണ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക

നോട്ടീസ്) 29.04.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 4/(1) നമ്പർ തീരുമാന പ്രകാരം 16.05.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). 29.04.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 4/(1) നമ്പർ തീരുമാന പ്രകാരം മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച് കൊണ്ടുമുള്ള നോട്ടീസും (കരട്) പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ അതേപടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ മേഖല തരംതിരിവിലും വഴി സൗകര്യത്തിന്റെ അടിസ്ഥനത്തിലുള്ള തരംതിരുവിലും പരിഗണിച്ചതായി സെക്ഷൻ അറിയിച്ചു. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് പരിശോധിച്ചതിന്റെ വിവരങ്ങളില്ല.

4). പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 19.06.2023 ലെ 20/(1) ,20(3) ഭരണസമിതി തീരുമാനപ്രകാരമാണ് അന്തിമമാക്കിയിട്ടുള്ളത്.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയും 5 പേരെ നിയമിച്ച് ഗ്രാമപഞ്ചായത്തിൽ ലഭിച്ച 944 അപേക്ഷകളില്(9B) നിലവിൽ ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം ആരംഭിച്ചിട്ടുണ്ട്.
22-23 വർഷത്തെ വസ്തു നികുതി 100% പിരിച്ചെടുത്തിട്ടുണ്ട്.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

കുഴിമണ്ണ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം

വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടം അല്ലെങ്കിൽ കൈവശക്കാരനോട്ടം മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

4) പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും നിലവിൽ തൊഴിൽ നികുതി ഈടാക്കുന്നില്ല.ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ 519സ്ഥാപനങ്ങളിൽ നിന്നായി 301500/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. സ്ഥാപനത്തിൽ ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസിനായി അപേക്ഷ സമർപ്പിക്കുന്നവർക്ക് പുതുക്കി നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

**രജിസ്ട്രേഷൻ ഫീസ്**

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 800/- രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. 2022-2023 വാർഷിക ധനകാര്യ പത്രിക പ്രകാരം വർഷത്തിൽ ഈ ഇനത്തിൽ 50/- രൂപയാണ് വരവ് വന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെയും കണ്ടെത്തി അവയിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

റെഗുലറൈസേഷൻ ഫീസ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്.

പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-26/22-23/15.12.2023

## 1-13 ഹരിത കർമ്മസേന വാഹനം വാങ്ങൽ - ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയില്ല

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് - 256/23 (ഹരിത കർമ്മസേനക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ)

അടങ്കൽ തുക – 5,00,000/-

ചെലവ് തുക – 4,94,873/-

ഫണ്ട് - കേന്ദ്രാവിഷ്കൃത ഫണ്ട് - 3,50,000., തനത് ഫണ്ട് - 1,44,873

വൗച്ചർ നമ്പർ - 22200945/25.02.2023- 3,50,000

വൗച്ചർ നമ്പർ - 22200921/17.02.2023 - 1,44,873

മേൽ പ്രൊജക്ട് പ്രകാരം ഹരിത കർമ്മസേനക്ക് സ്വന്തമായി ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനായി "GeM" വഴി ബിഡ് ക്ഷണിച്ച് കൂട്ടുകാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്ന് PIAGGIO ‘Ape E-Xtra FX NE MAX PU’ 3W Electric ഓട്ടോ പർച്ചേസ് ചെയ്തിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ : 973S DIEV22000030/24.02.2023). വാഹനത്തിന്റെ വില വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക | ജി.എസ്.ടി | ആകെ |
|---|---|---|---|
| വാഹനത്തിന്റെ വില | 405663 | 20283 | 425946 |
| ഇൻഷ്വറൻസ് | 11689 | - | 11689 |
| രജിസ്ട്രേഷൻ & നമ്പർ പ്ലേറ്റ് | 3325 | - | 3325 |
| അക്സസറീസ് | 4375 | 1038 | 5413 |
| AMC For 3 Years | 13500 | - | 13500 |
| ഗ്രിൽ വർക്ക് | 29661 | 5339 | 35000 |
| ആകെ | 468213 | 26660 | 494873 |

2017 ചരക്കു സേവന നികുതി വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ GST ബാധകമായ സാധനങ്ങളുടെ വില നൽകുമ്പോൾ നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ നികുതി ഒഴികെയുള്ള തുകയുടെ 2% ജി എസ് ടി - ടി ഡി എസ് ഈടാക്കേണ്ടതാണ്. മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/12.12.2023) ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം ജി എസ് ടി അടവാക്കിയിട്ടുണ്ട് എന്നും രേഖകൾ ലഭ്യമാക്കാമെന്ന് സ്ഥാപനം അറിയിച്ചതായും, വരും വർഷങ്ങളിൽ ആയത് ശ്രദ്ധിക്കുന്നതാണ് എന്നും വിശദീകരിച്ചിട്ടുണ്ട്. സ്ഥാപനം ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹതപ്പെട്ട മുഴുവൻ തുകയും നൽകിയില്ല

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് - 243/23 (എസ്.സി ബിരുദ വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് സ്കോളർഷിപ്പ്)

അടങ്കൽ തുക – 9,03,562/-

ചെലവ് തുക - 9,03,562/-

ഫണ്ട് - വികസന ഫണ്ട് (എസ്.സി.പി)

ബിൽ റഫറൻസ് നമ്പർ - 22151052033401375087/16.03.2023 - 880943

ബിൽ റഫറൻസ് നമ്പർ - 22151052033401550352/29.03.2023 - 22619

മേൽ പ്രൊജക്ട് പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിനായി സ്കോളർഷിപ്പ് നൽകുന്നതിന് 9,03,562/- രൂപ ചെലവഴിച്ചിട്ടുണ്ട്. തൻവർഷം ആകെ 61 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിച്ച

നൽകിയത്. ഫയൽ പരിശോധിച്ചതിൽ പ്രൊജക്ട് നിർവഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) നമ്പർ 115/2022 ത.സ്വ.ഭ.വ 28.05.2022, 7.2.4 (I) സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും ചുവടെ ചേർക്കും പ്രകാരം സ്കോളർഷിപ്പ് നൽകാവുന്നതാണ്.

| ക്രമ നമ്പർ | കോഴ്സിന്റെ പേര് | നൽകാവുന്ന ധനസഹായ തുക | നൽകിയ തുക | | |
|---|---|---|---|---|---|
| | | | നിരക്ക് | വിദ്യാർത്ഥികളുടെ എണ്ണം | ആകെ തുക |
| 1 | മെഡിക്കൽ | 30,000 | 17063 | 2 | 34126 |
| 2 | എഞ്ചിനീയറിംഗ്, മറ്റു പ്രൊഫഷണൽ ബിരുദം | 25,000 | 16563 | 2 | 33126 |
| | | | 14500 | 2 | 29000 |
| | | | 14000 | 1 | 14000 |
| 3 | ബിരുദം | 20,000 | 14500 | 35 | 507500 |
| | | | 16563 (B.ed) | 2 | 33126 |
| 4 | ബിരുദാനന്തര ബിരുദം | 30,000 | 16563 | 7 | 115941 |
| 5 | ബിരുദാനന്തര ബിരുദത്തിന് ശേഷമുള്ള ഗവേഷണം | 30,000 | - | - | - |
| 6 | പോളി ടെക്നിക് / ഐ.ടി.ഐ | 20,000 | 14000 | 9 | 126000 |
| 7 | + 2 ന് ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സ് | 15,000 | - | - | - |
| 8 | സംസ്ഥാനത്തിന് പുറത്തുള്ള സർക്കാർ അംഗീകൃത സർവകലാശാലകളിലെ റഗുലർ കോഴ്സ് | 50,000 | - | - | - |
| 9 | പ്രൊഫഷണൽ കോഴ്സിനുള്ള എൻട്രൻസ് കോച്ചിംഗ് | 15,000 | 10743 | 1 | 10743 |
| ആകെ അനുവദിച്ച തുക | | | | | 903562 |

1. എന്നാൽ ഒരു വിദ്യാർത്ഥിക്കും അർഹതപ്പെട്ട സ്കോളർഷിപ്പ് തുക അനുവദിച്ച നൽകിയിട്ടില്ല. വിവിധ നിരക്കുകളിൽ തുക വീതം വെച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. അപ്രകാരം തുക വീതം വെച്ച് നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല. എഞ്ചിനീയറിംഗ് ബിരുദ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് 3 നിരക്കിൽ തുക അനുവദിച്ചതായും കാണുന്നു.

2. മാർഗ്ഗരേഖ ഖണ്ഡിക 7.2.4 (Ii) പ്രകാരം വിദ്യാർത്ഥികളുടെയും, കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപാകതൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് ന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 13/13.12.2023) ന് മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അർഹമായ തുക വകയിരുത്തുന്നതിന് ശ്രമിക്കേണ്ടതുമാണ്.

## 1-15 വാട്ടർ പ്യൂരിഫയർ റെയിഡ്കോയിൽ നിന്നും നേരിട്ടുള്ള പർച്ചേസ് - സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം - ഹെഡ്മാസ്റ്റർ

പ്രൊജക്ട് - 43/23 (വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നൽകൽ)

അടങ്കൽ തുക - 1,00,000/-

ചെലവ് തുക - 99,922/-

ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്

വൗച്ചർ നമ്പർ - XVFC/2022-23/P/78 Dt: 22.03.2023 (22201113/26.03.2023)

മേൽ പ്രൊജക്ട് പ്രകാരം 1) GLP സ്കൂൾ, കിഴിശ്ശേരി 2) GLP സ്കൂൾ, കുഴിമണ്ണ സെക്കന്റ് സൗത്ത് എന്നീ 2 സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി റീജണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (RAIDCO) എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ കൂടാതെ 2 വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട്. വാങ്ങിയ വാട്ടർ പ്യൂരിഫയറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഇൻവോയ്സ് നമ്പർ : MPM/424/2022-2023/09.03.2023)

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് (ജി എസ് ടി ഒഴികെ) | ആകെ തുക | 18% ജി.എസ്.ടി ഉൾപ്പെടെ തുക |
|---|---|---|---|---|
| Water Purifier 20 LTR Capacity | 2 | 42340 | 84680 | 99922 |

1. ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ മേൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 24.11.2022 ലെ ജി ഒ (ആർ ടി) നമ്പർ2911/2022/LSGD ഉത്തരവ് പ്രകാരം നെല്ല്, വിവധ വിത്തുകൾ, തൈകൾ എന്നിവ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനും, സ്വയം ഉൽപാദിപ്പിക്കുന്ന കാർഷിക യന്ത്രങ്ങൾ വിൽക്കുന്നതിനുമുള്ള അംഗീകൃത ഏജൻസിയായി RAIDCO യെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാട്ടർ പ്യൂരിഫയർ മേൽ സ്ഥാപനത്തിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയില്ല.

ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ റെയിഡ്കോയിൽ നിന്നു നേരിട്ട് പർച്ചേസ് ചെയ്തതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 02/07.12.2023) ന് ലഭ്യമാക്കിയ മറുപടിയിൽ വിദ്യാലയങ്ങൾക്ക് ആവശ്യമായ സ്പെസിഫിക്കേഷനോട് കൂടിയ വാട്ടർ പ്യൂരിഫയർ GeM ൽ ലഭ്യമല്ലാത്തതിനാലും സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ മറ്റ് നടപടികൾ പൂർത്തീകരിക്കാൻ സമയമില്ലാത്തതിനാലാണ് റെയിഡ്കോയിൽ നിന്നു നേരിട്ട് പർച്ചേസ് ചെയ്തത് എന്ന് വിശദീകരിച്ചിട്ടുണ്ട്. റെയിഡ്കോ സർക്കാർ അംഗീകൃത സഹകരണ സ്ഥാപനമായതിനാലും, പദ്ധതിയിൽ അക്രഡിറ്റഡ് ഏജൻസിയായ റെയിഡ്കോ യെ പ്രത്യേകം സൂചിപ്പിച്ചിരുന്നതിനാൽ നിർവഹണ ഏജൻസിയെ മാറ്റി റിവിഷന് സമയം ഇല്ലാത്തതിനാലും, സി.എഫ്.സി ഫണ്ട് ഉടൻ ചെലവഴിക്കണം എന്നതിനാലുമാണ് റെയിഡ്കോ യെ പരിഗണിച്ചത് എന്നും മറുപടി ലഭ്യമാക്കി.

ഉപകരണം GeM ൽ ലഭ്യമല്ല എന്ന സാക്ഷ്യപത്രം നിർവഹണ ഉദ്യോഗസ്ഥൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയില്ലാത്ത സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ പർച്ചേസ് ചെയ്തത് ക്രമപ്രകാരമല്ല. ചെലവിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

## 1-16 വാട്ടർ ടാങ്ക് വിതരണം - ജി.എസ്.ടി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് - 240/23 (എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം)

അടങ്കൽ തുക – 3,15,250/-

ചെലവ് തുക - 3,15,250/-

ഫണ്ട് - വികസന ഫണ്ട് (എസ്.സി.പി) - 2,36,438., ഗുണഭോക്തൃ വിഹിതം - 78,812

ബിൽ റഫറൻസ് നമ്പർ - 22151052033401358796/15.03.2023 - 2,36,438

വൗച്ചർ നമ്പർ - 22201025/15.03.2023- 78,812

മേൽ പ്രൊജക്ട് പ്രകാരം എസ്.സി കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി 130 കുടിവെള്ള ടാങ്കുകൾ വാങ്ങിയിട്ടുണ്ട്. 20.12.2022 ന് B2- 9701/2021 നമ്പറായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. റഷീദ് യു, പി.ഡബ്ലിയു.ഡി കോൺട്രാക്ടറുടെ ടെണ്ടർ അംഗീകരിച്ച് ടാങ്ക് ഒന്നിന് 2,425 രൂപ പ്രകാരം 130 ടാങ്കുകൾ (Eva Blue 3 Layer Water Tank 500 Ltr) വാങ്ങി (ഇൻവോയ്സ് നമ്പർ : 2/07.03.2023). പ്രൊജക്ട് നിർവഹണവുമായി ബന്ധപ്പെട്ട

ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

2017 ചരക്ക സേവന നികുതി വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ GST ബാധകമായ സാധനങ്ങളുടെ വില നൽകുമ്പോൾ നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ നികുതി ഒഴികെയുള്ള തുകയുടെ 2% ജി എസ് ടി - ടി ഡി എസ് ഈടാക്കേണ്ടതാണ്. ഇൻവോയ്സ് പ്രകാരം GST/CGST 48089/- രൂപയും നികുതി ഒഴികെയുള്ള പർച്ചേസ് തുക2,67,161 രൂപയുമാണ്. എന്നാൽ മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ (നമ്പർ : 12/13.12.2023) തുടർന്ന് രേഖകൾ ഹാജരാക്കി. ജി എസ് ടി - ടി ഡി എസ് ഈടാക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, കോൺട്രാക്ടർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-17 നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥാപനങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുന്നതിനായി പ്രൊജക്ടുകൾ തയ്യാറാക്കി കേരള ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ / പേര് | തുക നിക്ഷേപിച്ച സ്ഥാപനം | ഫണ്ട് ഇനം | ചെലവ് വിശദാംശം |
|---|---|---|---|
| 38/23 പടിഞ്ഞാറ്റിക്കുന്ന് അംഗനവാടിക്ക് കുഴൽ കിണർ | ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, മലപ്പുറം | ധനകാര്യ കമ്മീഷൻ അവാർഡ് - 50,000<br>തനത് ഫണ്ട് - 2,865 | അടങ്കൽ തുക : 52,865<br>ചെലവ് തുക : 52,865<br>വൗച്ചർ നമ്പർ : XVFC/2022-23/P/69 Dt: 04.02.2023 – 50,000<br>വൗച്ചർ നമ്പർ : 22200899/13.02.2023 – 2,865 |
| 119/23 ബഡ്സ് സ്കൂളിന് കുഴൽ കിണർ | ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, മലപ്പുറം | തനത് ഫണ്ട് | അടങ്കൽ തുക : 83,869<br>ചെലവ് തുക : 83,869<br>വൗച്ചർ നമ്പർ : 22200691/15.12.2022 |
| ആകെ | | | 1,36,734 |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05/08.12.2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. പൂർത്തീകരണ വിവരം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,36,734/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 വാട്ടർ പ്യൂരിഫയർ റെയിഡ്കോയിൽ നിന്നും നേരിട്ടുള്ള പർച്ചേസ് - സർക്കാർ ഉത്തരവ് പാലിച്ചില്ല

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് - 41/23 (പഞ്ചായത്ത് ഓഫീസിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നൽകൽ)

അടങ്കൽ തുക - 70,000/-

ചെലവ് തുക – 63,720/-

ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്

ACR ബിൽ നമ്പർ - 313/15.03.2023 (വൗച്ചർ നമ്പർ : 22201114/26.03.2023)

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി റീജണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (RAIDCO) എന്ന സ്ഥാപനത്തിൽ നിന്ന്

ടെണ്ടർ കൂടാതെ വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട്. വാങ്ങിയ വാട്ടർ പ്യൂരിഫയറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഇൻവോയ്സ് നമ്പർ : MPM/423/2022-2023/09.03.2023)

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് (ജി എസ് ടി ഒഴികെ) | 18% ജി.എസ്.ടി ഉൾപ്പെടെ തുക |
|---|---|---|---|
| Water Purifier 30 LTR Capacity | 1 | 54000 | 63720 |

1. ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ മേൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 24.11.2022 ലെ ജി ഒ (ആർ ടി) നമ്പർ2911/2022/LSGD ഉത്തരവ് പ്രകാരം നെല്ല്, വിവധ വിത്തുകൾ, തൈകൾ എന്നിവ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനും, സ്വയം ഉൽപാദിപ്പിക്കുന്ന കാർഷിക യന്ത്രങ്ങൾ വിൽക്കുന്നതിനുമുള്ള അംഗീകൃത ഏജൻസിയായി RAIDCO യെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാട്ടർ പ്യൂരിഫയർ മേൽ സ്ഥാപനത്തിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയില്ല.

ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ റെയിഡ്കോയിൽ നിന്നു നേരിട്ട് പർച്ചേസ് ചെയ്തതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 06/08.12.2023) ന് ലഭ്യമാക്കിയ മറുപടിയിൽ ആവശ്യമായ സ്പെസിഫിക്കേഷനോട് കൂടിയ വാട്ടർ പ്യൂരിഫയർ GeM ൽ ലഭ്യമല്ലാത്തതിനാലും സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ മറ്റ് നടപടികൾ പൂർത്തീകരിക്കാൻ സമയമില്ലാത്തതിനാലാണ് റെയിഡ്കോയിൽ നിന്നു നേരിട്ട് പർച്ചേസ് ചെയ്തത് എന്ന് വിശദീകരിച്ചിട്ടുണ്ട്. റെയിഡ്കോ സർക്കാർ അംഗീകൃത സഹകരണ സ്ഥാപനമായതിനാലും, പദ്ധതിയിൽ അക്രഡിറ്റഡ് ഏജൻസിയായ റെയിഡ്കോ യെ പ്രത്യേകം സൂചിപ്പിച്ചിരുന്നതിനാൽ നിർവഹണ ഏജൻസിയെ മാറ്റി റിവിഷന് സമയം ഇല്ലാത്തതിനാലും, സി.എഫ്.സി ഫണ്ട് ഉടൻ ചെലവഴിക്കണം എന്നതിനാലുമാണ് റെയിഡ്കോ യെ പരിഗണിച്ചത് എന്നും മറുപടി ലഭ്യമാക്കി.

ഉപകരണം GeM ൽ ലഭ്യമല്ല എന്ന സാക്ഷ്യപത്രം നിർവഹണ ഉദ്യോഗസ്ഥൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയില്ലാത്ത സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ പർച്ചേസ് ചെയ്തത് ക്രമപ്രകാരമല്ല. ചെലവിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. ചെലവ് തുക 63720 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജോലിക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2022-23സാമ്പത്തിക വർഷം പ്രസ്തുത ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രജിസ്റ്ററും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | ലൈസൻസിയുടെ പേര്. | ലൈസൻസ് നമ്പർ |
|---|---|---|---|---|
| 1 | കെ.പി.ഗ്രാനൈറ്റ് യൂണിറ്റ്,ചുള്ളിക്കോട് | 4 | സജീർ ബാബു.വി | 21/2022-23 /01.04.2022 |
| 2 | റൂട്ട്സ് ഡെന്റൽ ക്ലിനിക്ക്,കുഴിയം പറമ്പ് | 3 | ഡോ.മുഹമ്മദ് സൽമാൻ | 267/22-23 /25.04.2022 |
| 3 | മേലേപുരക്കൽ മിനറൽ & ഫുഡ് പ്രൊഡക്ട്സ് | 10 | ജമീല.പി | 242/22-23 /02.04.2022 |
| 4 | എ.എം.പി.എം ഫ്യൂവൽസ്,മുണ്ടംപറമ്പ് | 6 | സുധീഷ്.കെ | 283/22-23 /10.05.2022 |

| | | | | |
|---|---|---|---|---|
| 5 | മെഡിടെക്ക് സ്പെഷ്യാലിറ്റി ലബോറട്ടറി & പോളി ക്ലിനിക്ക് കടുങ്ങല്ലൂർ | 3 | സുജിത്ത്.കെ | 243/22-23 /02.04.2022 |
| 6 | അഗ്രോ സർവ്വീസ് സെന്റർ,കുഴിമണ്ണ | 11 | അരീക്കോട് ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ | 276/22-23 /29.04.22 |

1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെങ്കിൽ റിട്ടേൺ സമർപ്പിക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്. 2022-23 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/22-23/13.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൻ നികുതി ഈടാക്കി രേഖകൾ സഹിതം വിവരമറിയിക്കേണ്ടതാണ്.

## 1-20 ലൈസൻസ് ഫീസ്-അപാകതകൾ.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല, പകരം 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് ആണ് ട്രേഡേഴ്സ് ലിസ്റ്റ് എന്ന പേരിൽ ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് എടുക്കുവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് ലൈസൻസ് നൽകി വരികയാണ് ചെയ്യുന്നത്. എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 519 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. .ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്. ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയക്ക് ലഭ്യമാക്കേണ്ടതാണ്.

2.റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിപ്പിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2022-23 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ച നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019 ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-15/22-23/13.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി മൺച്ചട്ടികൾ വാങ്ങി .

| | |
|---|---|
| പ്രോജക്ട് നം, പേര് | 233/23 ഹരിത ഭവനം |

| | |
|---|---|
| അടങ്കൽ , ചെലവ് തുക | 600000 (450000-വികസന ഫണ്ട് ജനറല്,150000-ഗുണഭോക്തൃ വിഹിതം)<br>493500(343500-വികസന ഫണ്ട് ജനറൽ,ഗുണഭോക്തൃ വിഹിതം-150,000 ) |
| ബിൽ നം. | 22151052037601516319/ 28.03.2023- ₹ 177000, 22151052037601362155/ 15.03.2023 ₹ 166500, 150000 BC) |
| നിർവ്വഹണം | കൃഷി ഓഫീസർ |

ഗുണഭോക്താക്കൾക്ക് പച്ചക്കറി തൈകളോട് കൂടിയ മൺ ചട്ടികൾ വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയ ഈ പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കൾ 25% ഗുണഭോക്തൃ വിഹിതം അഗ്രോ സർവ്വീസ് സെന്ററിൽ നേരിട്ട് അടച്ച് 10 മൺചട്ടികൾ ഉൾപ്പെടുന്ന ഓരോ യൂണിറ്റ് വീതം വിതരണം ചെയ്യുന്നതാണ് പദ്ധതി. അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്ററിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ 229 യൂണിറ്റ് തൈകളോട് കൂടിയ മൺചട്ടികൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നമ്പർ-365/14.3.23പ്രകാരം 118 യൂണിറ്റും 355/27.02.23 പ്രകാരം 111 യൂണിറ്റും).

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖക്ക് ( GO (MS) 115/2022/LSGD Dt 28.05.2022) വ്യക്തത വരുത്തി HDPE ചട്ടി ഉൾപ്പെടെയുള്ള ചട്ടികൾ വാങ്ങുന്നതിന് അനുമതി നൽകിയും ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയും പുറപ്പെടുവിച്ച സ.ഉ (സാ.ധാ) 2854/2022/LSGD Dt 18.11.2022 നം ഉത്തരവ് പ്രകാരം ടെണ്ടർ നടപടികളിലൂടെയാണ് മൺചട്ടികൾ വാങ്ങേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ട് പ്രകാരം അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ കുഴിമണ്ണയിൽ നിന്നും ടെണ്ടർ/വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഇപ്രകാരം വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-14/22-23/13.12.23 ന് ലഭ്യമാക്കിയ മറുപടിയിൽ 2018-19 സാമ്പത്തിക വർഷം Scheme On Agroservice Centre And Service Delivery എന്ന കൃഷി വകുപ്പിന്റെ പദ്ധതിയിലൂടെയാണ് അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ കുഴിമണ്ണ സ്ഥാപിച്ചിട്ടുള്ളത് എന്നത് കൊണ്ട് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പരാമർശിച്ച വിവിധ പദ്ധതിയിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറിയിൽ നിന്ന് ഗുണമേന്മ ഉറപ്പാക്കി വാങ്ങാവുന്നതാണ് എന്ന ഗണത്തിൽ ഉൾപ്പെടുമെന്ന വിശ്വാസത്തിലാണ് അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ കുഴിമണ്ണയിൽ നിന്നും നേരിട്ട് വാങ്ങിയത് എന്നാണ്.എന്നാൽ മൺ ചട്ടികൾ ടെണ്ടർ നടപടി പാലിച്ചാണ് വാങ്ങേണ്ടത് എന്ന വ്യക്തമായ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും അത് പാലിക്കാതെ നേരിട്ട് വാങ്ങൽ നടത്തിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവ് തുക 493500 രൂപ തടസ്സം ചെയ്യുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന് സർക്കാർ സാധൂകരണം നേടി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് : 231/23 കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം

അടങ്കൽ :658000/-(വികസനം- ജനറൽ)

ചെലവ് : 240000/- (22151052037601186726/10.02.2023)

കൃഷി ഓഫീസർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം ഒരു കിഴങ്ങു വർഗ്ഗ കിറ്റിന് (ചേന- 2 1/2 Kg,ചേമ്പ്-1kg,നനക്കിഴങ്ങ്-1kg,മഞ്ഞൾ1kg,ഇഞ്ചി-1kg) 500 രൂപ പ്രകാരം ആകെ 480 കിറ്റുകൾ അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ കുഴിമണ്ണയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങി (ഇൻവോഴ്സ് നമ്പർ-285/06.02.23) വിതരണം ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.4 പ്രകാരം കൃഷി നടീൽ ഉൽപന്നങ്ങൾ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ

നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ , തൈകൾ എന്നിവ വാങ്ങേണ്ടത്. അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ, കുഴിമണ്ണ രണ്ടാമത്തെ വിഭാഗത്തിൽ ആണ് ഉൾപ്പെടുന്നത്. ആയതിനാൽ വാങ്ങൽ നടപടിക്രമം പാലിച്ചാണ് വാങ്ങൽ നടത്തേണ്ടിയിരുന്നത്. ആയത് ചെയ്യാതിരുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

2.സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കിഴങ്ങ് വർഗ്ഗങ്ങൾ അധികവിലക്ക് വാങ്ങി

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.4 പ്രകാരം കിഴങ്ങ് വർഗ്ഗങ്ങൾ 100% സബ്സിഡി ഇനത്തിൽ നൽകാൻ അനുമതിയുള്ളതും, ആയതിന്റെ അനുവദനീയമായ യൂണിറ്റ്കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയക്കണമെന്നും നിർദ്ദേശമുള്ളതാണ്. 2022-23 ലെ മലപ്പുറം ജില്ലാ തല യൂണിറ്റ് കോസ്റ്റുകൾ നിശ്ചയിച്ചുകൊണ്ടുള്ള 13.11.2022 ലെ 1212/2022-23/DPC/DPO/MPM നമ്പർ ജില്ലാ ആസൂത്രണ സമിതി മീറ്റിംഗ് മിനട്സ് പ്രകാരം ചേന,ചേമ്പ് എന്നിവയുടെ യൂണിറ്റ് കോസ്റ്റ് 40/Kg- രൂപയും നനക്കിഴങ്ങിന് 70/kg ആണ്. എന്നാൽ ഈ പ്രൊജക്ട് പ്രകാരമുള്ള വാങ്ങലിൽ ചേന,ചേമ്പ്,നനക്കിഴങ്ങ് എന്നിവ യൂണിറ്റ്കോസ്റ്റിലും അധികമായി തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം,അളവ് | നൽകിയ തുക | യൂണിറ്റ് കോസ്റ്റ് പ്രകാരം നൽകാവുന്നത്. | ഒരു കിറ്റിൽ അധികം നൽകിയത് |
|---|---|---|---|---|
| 1 | ചേന-2 1/2 Kg | 180/- | 100 | 80 |
| 2 | ചേമ്പ്-1 Kg | 80/- | 40 | 40 |
| 3 | നടുതല/നനക്കിഴങ്ങ്-1 Kg | 80/- | 70 | 10 |
| ആകെ | | | | 130/- |

യൂണിറ്റ്കോസ്റ്റിലും അധികമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം തുക നൽകാൻ ആധാരമാക്കിയ ഉത്തരവുകൾ ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 17/13.12.2023) നൽകിയ മറുപടിയോടൊപ്പം അരീക്കോട് ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ കുഴിമണ്ണ എന്ന സ്ഥാപനത്തിന്റെ പുതിയ ഇൻവോയ്സ് തയ്യാറാക്കി 06.02.23 എന്ന പഴയ തിയ്യതി ചേർത്ത് 15.12.23 ന് ഇൻവോയ്സിലില്ലാത്ത കാച്ചിൽ ഉൾപ്പെടുത്തി, ചേമ്പ് എന്ന ഇനത്തിന്റെ തൂക്കത്തിൽ വ്യത്യാസം വരുത്തി സമർപ്പിക്കുകയുണ്ടായി. അതോടൊപ്പം അഞ്ച് ഗുണഭോക്താക്കളിൽ നിന്നും രണ്ടാമത്തെ ഇൻവോയ്സിൽ പറഞ്ഞ പ്രകാരമുള്ള സാധനങ്ങളാണ് കൈപ്പറ്റിയിട്ടുണ്ട് എന്ന കത്തും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ അഗ്രോ സർവ്വീസ് സെന്റർ വില്പന നടത്തിയ സാധനങ്ങൾ രണ്ടാമത്തെ ഇൻവോയ്സ് പ്രകാരമുള്ളതാണെന്ന് വ്യക്തമാക്കുന്ന സ്ഥാപനത്തിന്റെ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ, കിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ വിശദാംശം പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണ സമിതിയും അംഗീകരിച്ച തീരുമാനങ്ങൾ, ഗുണഭോക്താക്കൾ കിറ്റിൽ ഉൾപ്പെട്ട സാധനങ്ങൾ കൈപ്പറ്റിയതിന്റെ രസീത്, ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ ഇത് സംബന്ധിച്ച സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നില്ല. ഒറിജിനൽ ഇൻവോയ്സ് പ്രകാരം അധികം നൽകിയ തുക ₹ 62400/- (130*480) ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-23 കെൽട്രോണിന് അധിക തുക നൽകി

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ / പേര് : 115/23(s.o) ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ പ്രിന്റർ എന്നിവ വാങ്ങൽ

അടങ്കൽ : 10185, ചെലവ് തുക : 5058 രൂപ

1)BRN2115105203730131663/14-3-22-50000/-രൂപ(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

2) വൌച്ചർ നം 22101190/15-3-22, 9815/-രൂപ

3.വൌച്ചർ നം.22200433 Dtd 13.09.22 5058 രൂ

ഐ സി ഡി എസ് സൂപ്പർവൈസർ സ്പിൽ ഓവർ പ്രൊജക്ട് ആയി നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം ഐ സി ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ(പ്രോഫോർമ ഇൻവോയ്സ് TVM/ITBG/PI/RC/40487/20-21,08-8-22RS 44855),പ്രിന്റർ (പ്രോഫോർമ ഇൻവോയ്സ് TVM/ITBG/PI/RC/42375/22-23,21-2-22 RS 18347 )എന്നിവ

വാങ്ങുന്നതിനായി കെൽട്രോണിന് 59815+5058=64873 രൂപ നൽകിയിട്ടുണ്ട് .എന്നാൽ ഇൻവോയ്സ് പ്രകാരം താഴെ പറയും പ്രകാരമാണ് ചെലവ് വന്നിട്ടുള്ളത് എന്ന് കാണുന്നു.

| ഇൻവോയ്സ് നമ്പർ / തിയ്യതി | ഇനം | എണ്ണം | തുക |
|---|---|---|---|
| ITP/12323/22-23 Dtd 20.12.22 | A4 Multi Function Printer | 1 | 14950.29 |
| ITP/12532/22-23 Dtd 23.12.22 | Desktop Medium End Wlindows | 1 | 36550.68 |
| 18% GST +TSPcharge 4%ഉൾപ്പെടെയുള്ള തുക | | | 63202 |

കെൽട്രോണിന് അധികമായി അനുവദിച്ച 1671 രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക്(A/C No.858910110003260) ക്രഡിററ് ചെയ്തതായി 2.2.2023 ലെ CPRCS/ITBG/REFUND/851 പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ ടി തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. അധികമായി അനുവദിച്ച തുക തിരികെ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-24 കരാർ കാലയളവിനുള്ളിൽ പ്രൊജക്ട് പൂർത്തീകരിക്കാത്തത് - പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ സെക്ഷൻ 2112.1 പ്രകാരം ഭാഗികമായോ പൂർണ്ണമായോ കരാറുകാരന്റെ വീഴ്ച മൂലം പ്രൊജക്ട് പൂർത്തീകരണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേനെ രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ സ്വീകര്യമാണെങ്കിൽ പിഴ ഈടാക്കി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പൂർത്തീകരണ കാലയളവ് ആദ്യം മൂന്ന് മാസം ദീർഘിപ്പിച്ച് നൽകുന്നതിന് പ്രൊജക്ട് PAC യുടെ 1% പിഴ ഈടാക്കണം. തുടർന്നുള്ള ഓരോ മൂന്ന് മാസം ദീർഘിപ്പിക്കുന്നതിനും PAC യുടെ 2% പിഴ ഈടാക്കണം.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറഞ്ഞ മരാമത്ത് പ്രൊജക്ട് കരാർ കാലയളവിനുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാൻ കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ, കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. അതേസമയം, പ്രൊജക്ടിന്റെ കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടതു സംബന്ധിച്ചും, സമയത്തിന് പൂർത്തീകരിക്കാത്ത പക്ഷം ഈടാക്കുന്ന, മേൽ സൂചിപ്പിച്ച പ്രകാരമുള്ള, പിഴ സംബന്ധിച്ചും വ്യവസ്ഥകൾ (കരാറുകളിലെ 6,7 വ്യവസ്ഥകൾ) ഉണ്ട്.

പ്രൊജക്ടിന്റെ വിശദ വിവരവും ഈടാക്കേണ്ട പിഴയും താഴെ പറയുന്നു.

1.

പ്രൊജക്ട് : നെല്ലിക്കുന്ന് മുച്ചിക്കച്ചാലിൽ മേൽമുറി റോഡ് റീ ടാറിംഗ്, നം.59/23 (73/22)

അടങ്കൽ : 214000 MG(R)

ചെലവ് : 189720 BRN22151052037401332804/13.3.2023

ടി.എസ്. നം : 41677/2021-2022 DsoR 2016

കരാർ നമ്പർ : 152/AE/LSGD/KMNA/30.3.2022 (7% Above)

എംബുക്ക് നം: 322/21-22

കരാറുകാരൻ : ജാഫർ കാവുങ്ങൽ

ഈ പ്രൊജക്ടിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങളും ഈടാക്കേണ്ടിയിരുന്ന പിഴയും താഴെ പറയുന്നു.

| | | |
|---|---|---|
| 1 | പ്രൊജക്ട് പൂർത്തീകരണ സമയം 6 മാസം<br>(സാങ്കേതിക അനുമതി പ്രകാരം) | 30.3.2022 മുതൽ 29.9.2022വരെ |

| | | |
|---|---|---|
| 2 | പ്രവൃത്തി സ്ഥലം കൈമാറിയ തീയ്യതി | 30.3.2022 |
| 3 | പ്രവൃത്തി ആരംഭിച്ച തീയ്യതി (ആദ്യത്തെ അളവ്. എം ബുക്ക്. പേജ്.8) | 1.2.2023 |
| 4 | പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി (അവസാനത്തെ അളവ് എം. ബുക്ക് പേജ്.15) | 14.2.2023 |
| 5 | കാല താമസം | 30.9.2022 മുതൽ 13.2.2023 |
| 6 | ഈടാക്കേണ്ടിയിരുന്ന പിഴ (Agreed PAC- 191007.08) | 4676 രൂപ<br>30.9.2022 മുതൽ 29.12.2022 വരെ - 191007x1%= 1910<br>30.12.2022 മുതൽ 13.2.2023 വരെ - 191007x2%/90x46= 3057.42 |

2.

പ്രൊജക്ട് : കളത്തിങ്ങൽ പേങ്ങാട്ട് പാടം റോഡ് അഭിവൃദ്ധിപ്പെടുത്തൽ, നം.76/23 (314/22)

അടങ്കൽ : 220000 MG(R)

ചെലവ് : 188786 BRN22151052037401154386 6/28.3.2023

ടി.എസ്. നം : 71907/2021-2022 DsoR 2018

കരാർ നമ്പർ : 135/AE/LSGD/KMNA/15.3.2022 (17.59% Below)

എംബുക്ക് നം: 899/21-22, 898/21-22

കരാറുകാരൻ : മുള്ളൻ മൂസഹാജി

ഈ പ്രൊജക്ടിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങളും ഈടാക്കേണ്ടിയിരുന്ന പിഴയും താഴെ പറയുന്നു.

| | | |
|---|---|---|
| 1 | പ്രൊജക്ട് പൂർത്തീകരണ സമയം 6 മാസം<br>(സാങ്കേതിക അനുമതി പ്രകാരം) | 15.3.2022 മുതൽ 14.9.2022വരെ |
| 2 | പ്രവൃത്തി സ്ഥലം കൈമാറിയ തീയ്യതി | 15.3.2022 |
| 3 | പ്രവൃത്തി ആരംഭിച്ച തീയ്യതി (ആദ്യത്തെ അളവ്. എം ബുക്ക്. 898/21-22, പേജ്.2) | 3.3.2023 |
| 4 | പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി (അവസാനത്തെ അളവ് എം. ബുക്ക് 898/21-22, പേജ്.25) | 10.3.2023 |
| 5 | കാല താമസം | 15.9.2022 മുതൽ 9.3.2023വരെ |
| 6 | ഈടാക്കേണ്ടിയിരുന്ന പിഴ<br>(Agreed PAC- 161863.85 | 4676 രൂപ<br>15.9.2022 മുതൽ 14.12.2022വരെ - 161863.85x1%= 1618.63<br>15.12.2022 മുതൽ 9.3.2023വരെ - 161863.85x2%/90x5=3057.42 |

കരാർ കാലയളവിനുള്ളിൽ പ്രൊജക്ട് പൂർത്തീകരിക്കാതിരുന്നിട്ടും പിഴ ചുമത്താതിരുന്നതിന് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.19/14.12.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ പ്രകാരം ഈടാക്കാൻ അവശേഷിക്കുന്ന പിഴ 8533 രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ആയതിന് സാധ്യമാകാത്ത പക്ഷം തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-25 കിണറിൽ റിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു

പ്രൊജക്ട് : കോട്ടത്തടം പൊതുകിണർ പുനരുദ്ധാരണ, നം.237/23

അടങ്കൽ : 200000 CFC (Tied)

ചെലവ് : 198766 വൗച്ചർ നം.116/AE/22-23/29.3.2023

ടി.എസ്. നം : 77202/2022/2.11.2022 DsoR 2018 COI 36.44%

കരാർ നമ്പർ : 57/AE/LSGD/KMNA/30.12.2022 (ER)

കരാറുകാരൻ : റഷീദ്.യു

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 1.005 കിണറിൻ കോൺക്രീറ്റ് റിംഗ് സ്ഥാപിക്കലാണ്. ഇതിന് സ്പെസിഫിക്കേഷൻ കോഡ് 5.8 പ്രകാരമുള്ള 10127.57/m3 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇ എം.ബുക്ക് പ്രകാരം ഈ പ്രവൃത്തി 5.613 M3 നിർവ്വഹിച്ചിട്ടുണ്ട്. കിണറിൻ കോൺക്രീറ്റ് റിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് സ്പെസിഫിക്കേഷൻ കോഡ് നം.5.7 പ്രകാരമുള്ള 8611.41/m3 നിരക്കാണ് അനുവദനീയം. ഈ നിരക്ക് അനുവദിക്കാതെ അധിക നിരക്ക് അനുവദിച്ചതിനാൽ പ്രൊജക്ടിൽ താഴെ കൊടുത്ത പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം (GST ഉൾപ്പെടെ) |
|---|---|---|
| 5.613x10127.57=56846.05 | 5.613x8611.41=48335.84 | 8510.21x118%=10042 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.20/14.12.2023, മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രകാരം അധികം നൽകിയ 10042 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു. ആയത് ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 എം.ജി.എൻ.ആർ.ഇ.ജി.എ - പ്രവൃത്തി നിർവ്വഹണം - അപാകതകൾ

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ 2021-22 ൽ ടെണ്ടർ ചെയ്ത താഴെ പട്ടികയിൽ കൊടുത്ത മെറ്റീരിയൽ പ്രവൃത്തികളുടെ നിർവ്വഹണം പൂർത്തിയാക്കി 2022-23 ൽ മെറ്റീരിയലിന്റെ വില പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒന്നുമുതൽ ആറ് വരെയുള്ള പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഓരോ പ്രവൃത്തിക്ക് നേരേയും കൊടുക്കുന്നു.

| | പ്രവൃത്തി | കുറിപ്പ് |
|---|---|---|
| 1 | നീറ്റിച്ചാലി ഇടവഴി സൈഡ് കെട്ട് നിർമ്മാണം (1605001006/FP/355487)<br>കരാറുകാരൻ-എം.പി.അബ്ദുൾ നാസർ<br>കരാർ നിരക്ക് -എസ്റ്റിമേറ്റ് നിരക്ക്<br>(ബിൽ ഡേറ്റ്. 10.6.2022, മെറ്റീരയൽ ലിസ്റ്റ് നം.1605001-ML-3116 - 106344.17 രൂപ) | ആകെ 125360 രൂപയുടെ മെറ്റീരയൽ സപ്ലൈചെയ്തതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ലെറ്റർ പാഡിൽ വിവരം ചേർത്ത് സമർപ്പിക്കുകയാണ് ചെയ്തത്. യഥാർത്ഥ ബില്ലുകൾ ഇല്ല. |
| 2 | ഹൈസ്കൂൾ കൊടികുന്ന് റോഡ് സൈഡ് ഭിത്തി നിർമ്മാണം കോൺക്രീറ്റ് (1605001006/FP/382101)<br>കരാറുകാരൻ-സലാഹുദ്ദീൻ.പി.സി<br>കരാർ നിരക്ക് -എസ്റ്റിമേറ്റ് നിരക്ക് | 1) ആകെ 356829 രൂപയുടെ മെറ്റീരയൽ സപ്ലൈചെയ്തതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ലെറ്റർ പാഡിൽ വിവരം ചേർത്ത് സമർപ്പിക്കുകയാണ് ചെയ്തത്. യഥാർത്ഥ ബില്ലുകൾ ഇല്ല.<br>2) GST TDS ഈടാക്കിയിട്ടില്ല. |

| | | |
|---|---|---|
| | (ബിൽ ഡേറ്റ്. 2.6.2022, മെറ്റീരയൽ ലിസ്റ്റ് നം.1605001-ML-1561 – 356019.93 രൂപ) | |
| 3 | അമ്മാനപ്പാറ തവളക്കുളം റോഡ് കോൺക്രീറ്റ്(1605001006/RC/329756)<br>കരാറുകാരൻ-ഫൈസൽ പൂവ്വത്തിങ്ങൽ<br>കരാർ നിരക്ക് -എസ്റ്റിമേറ്റ് നിരക്ക്<br>(ബിൽ ഡേറ്റ്. 6.4.2022, മെറ്റീരയൽ ലിസ്റ്റ് നം.1605001-ML-1717 – 310737.45 രൂപ) | 1) ആകെ 348200 രൂപയുടെ മെറ്റീരയൽ സപ്ലൈചെയ്തതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ലെറ്റർ പാഡിൽ വിവരം ചേർത്ത് സമർപ്പിക്കുകയാണ് ചെയ്തത്. യഥാർത്ഥ ബില്ലുകൾ ഇല്ല.<br>യഥാർത്ഥ ബില്ല് ഹാജരാക്കിയിട്ടില്ല.<br>2) GST TDS ഈടാക്കിയിട്ടില്ല. |
| 4 | പള്ളിയാളി -കിണറുതൊടി റോഡ് കോൺക്രീറ്റ്(1605001006/RC/341461<br>കരാറുകാരൻ- എം.പി.അബ്ദുൾ നാസർ<br>കരാർ നിരക്ക് - 0.01 കുറവ്<br>(ബിൽ ഡേറ്റ്. 14.7.2022, മെറ്റീരയൽ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല. 193731 രൂപ) | 1) ആകെ 218118.73 രൂപയുടെ മെറ്റീരയൽ സപ്ലൈചെയ്തതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ലെറ്റർ പാഡിൽ വിവരം ചേർത്ത് സമർപ്പിക്കുകയാണ് ചെയ്തത്. യഥാർത്ഥ ബില്ലുകൾ ഇല്ല. |
| 5 | ഇരുമ്പിടിയില് കണ്ണാടിപ്പറമ്പ് നടപ്പാത കോൺക്രീറ്റ് (1605001006/RC/341471)<br>കരാറുകാരൻ-ജാഫർ കാവുങ്ങൽ<br>കരാർ നിരക്ക് -0.10 കുറവ്<br>(ബിൽ ഡേറ്റ്. 15.4.2022, മെറ്റീരയൽ ലിസ്റ്റ് നം.1605001-ML-1960 – 351716.325 രൂപ) | 1) ആകെ 362469.2131 രൂപയുടെ മെറ്റീരയൽ സപ്ലൈചെയ്തതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ലെറ്റർ പാഡിൽ വിവരം ചേർത്ത് സമർപ്പിക്കുകയാണ് ചെയ്തത്. യഥാർത്ഥ ബില്ലുകൾ ഇല്ല.<br>2) GST TDS ഈടാക്കിയിട്ടില്ല. |
| 6 | പുറ്റമണ്ണ – കുന്നമ്മല്- കള്ളക്കാട്ടില് റോഡ് കോൺക്രീറ്റ് (1605001006/RC /341475)<br>കരാറുകാരൻ-ജാഫർ കാവുങ്ങൽ<br>കരാർ നിരക്ക് -0.10 കുറവ്<br>(ബിൽ ഡേറ്റ്. 5.6.2022, മെറ്റീരയൽ ലിസ്റ്റ് നം.1605001-ML-1908 – 332278.60 രൂപ) | 1) ആകെ 329395.455 രൂപയുടെ മെറ്റീരയൽ സപ്ലൈചെയ്തതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ലെറ്റർ പാഡിൽ വിവരം ചേർത്ത് സമർപ്പിക്കുകയാണ് ചെയ്തത്. യഥാർത്ഥ ബില്ലുകൾ ഇല്ല.<br>2) GST TDS ഈടാക്കിയിട്ടില്ല. |
| 7 | പടിക്കലപ്പറമ്പ്-കോട്ടപ്പറമ്പ് റോഡ് കോൺക്രീറ്റ് (1605001006/RC/341481) | |
| 8 | ആനക്കല്ലുങ്ങല്-പറമ്പില് ഇടവഴി കേോൺക്രീറ്റ് (1605001006/RC /341482) | |
| 9 | പുറ്റമണ്ണ-കുന്നമ്മൽ റോഡ് കോൺക്രീറ്റ് (1605001006/RC/341488) | |
| 10 | പുല്ലഞ്ചേരി മതിൽകണ്ടി റോഡ് കോൺക്രീറ്റ് & സൈഡ് പരൊട്ടക്ഷൻ (1605001006/RC/341501) | |
| 11 | മാനം കുന്ന് കങ്കാടി റോഡ് കോൺക്രീറ്റ് (1605001006/RC/341504) | |
| 12 | തവളക്കുളം മാനം കുന്ന് റോഡ് കോൺക്രീറ്റ് (1605001006/RC/341508) | |
| 13 | പാറപ്പുറത്ത് മഠത്തിൽപള്ള്യാളി റോഡ് കോൺക്രീറ്റ് (1605001006/RC/357890) | |
| 14 | താന്നിക്കൽ റോഡ് കോൺക്രീറ്റ് | |

| | | |
|---|---|---|
| | (1605001006/RC/360127) | |
| 15 | പുറമണ്ണ മേലൂട്ട് പള്ളിയാളി കോതൊട്ടുവിൽ റോഡ് കോൺക്രീറ്റ് (1605001006/RC/364335) | |
| 16 | കുണ്ടറക്കാട് മൈലാമ്പ്ര റോഡ് കോൺക്രീറ്റ് (1605001006/RC/365167) | |
| 17 | പേങ്ങോട്ടിപാടം കളത്തിങ്ങൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ (1605001006/FP /367076) | |

ഇത് സംബന്ധിച്ച താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1. ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങളുടെ വാങ്ങൽ 2.5 ലക്ഷത്തിന് മുകളിലാണെങ്കിൽ (ടാക്സ് കിഴിച്ചുള്ള തുക) 2 ശതമാനം ജി എസ് ടി- TDS ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടിക 1 ൽ പറഞ്ഞ പ്രവൃത്തികളിൽ ഒന്നിൽ നിന്നും TDS ഈടാക്കിയിട്ടില്ല. ജി എസ് ടി TDS ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**2.** സ.ഉ.(കൈ).93/2012/ത.സ്വ.ഭ.വ തീയ്യതി.31.3.2012 പ്രകാരമുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിക്ക് വേണ്ടിയുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗ രേഖയിൽ സാധന സാമഗ്രികളുടെ വാങ്ങൽ സുതാര്യമായിരിക്കണമെന്നും, വാങ്ങൽ സംഭരണം വിനിയോഗം ചെലവിട്ട തുക എന്നിവയുടെ രേഖകൾ പൊതു രേഖയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പട്ടികയിൽ പറഞ്ഞ മുഴുവൻ പ്രവൃത്തികളിലും ക്രമ നം.1 മുതൽ 6 വരെ പ്രവൃത്തികളിൽ ചൂണ്ടിക്കാണിച്ച അതേ വിധമാണ് കരാറുകാർ ബിൽ സമർപ്പിച്ചിട്ടുള്ളത്. കരാറുകാർ വിതരണം ചെയ്ത സാധനങ്ങളുടെ ജി.എസ്.ടി ബിൽ സമർപ്പിക്കാതരുന്നിട്ടും മെറ്റീരിയലിന്റെ വില അനുവദിച്ചത് ഈ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമാണ്.

3. മേൽ പറഞ്ഞ പ്രക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം മാസാടിസ്ഥാനത്തിലുള്ള സാധന സാമഗ്രികളുടെ പട്ടിക അർദ്ധവർഷാടിസ്ഥാനത്തിൽ ക്രോഡീകരിച്ചാണ് പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും പ്രൊക്യൂർമെന്റ് ചെയ്യേണ്ടതും. എന്നാൽ ഇതിന് വിരുദ്ധമായി ഓരോ പ്രവൃത്തിക്കും വേണ്ട സാധന സാമഗ്രികൾക്ക് പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തത്. ഇത് ക്രമപ്രകാരമല്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

സിമന്റിന് SECURE സോഫ്റ്റ്‌വെയർ പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്ക് ഉൾപ്പെടുത്തിയാണ് മേൽ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുള്ളത്. ഈ നിരക്ക് (Local Market Rate – Rs. 614/ 50kg Bag) വളരെ കൂടുതലാണ് എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിന് യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവൂ എന്ന് MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ നിർദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സിമന്റ് വാങ്ങുന്നതിന് യഥാർത്ഥ മാർക്കറ്റ് നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഹരിത കർമ്മ സേന അവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം. 2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ നടപടി ക്രമത്തിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗ നിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും 12.08.2020 ലെ സ.ഉ (സാധാ) നം.1496/2020 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ 2018 ഒക്ടോബർ 5 നാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 18

വാർഡുകളുള്ളതിൽ തുടക്കത്തിൽ 36 ഉം നിലവിൽ 31 ഉം അംഗങ്ങൾ ഹരിതകർമസേനയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. അംഗങ്ങളുടെ പ്രവർത്തനം മുഴുവൻ വാർഡുകളിലും നടന്നു വരുന്നുണ്ട്. യൂസർ ഫീ ആയി വീടുകളിൽ നിന്നും 50 രൂപയും കടകളിൽ നിന്നും 100 രൂപയും പ്രതിമാസം ലഭിക്കുന്ന തുകയും ശേഖരിച്ച മാലിന്യങ്ങൾ തരം തിരിച്ച് പുനരുപയോഗ യോഗ്യമായവ വില്പന നടത്തുന്നതിലൂടെ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മ സേനയുടെ പ്രധാന വരവുകൾ. യൂസർ ഫീ പിരിക്കുന്നതിന് രസീതി നൽകുന്നുണ്ട്. പ്രിന്റ് ചെയ്ത് ലഭിക്കുന്ന രശീതി ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പഞ്ചായത്തിൽ സൂക്ഷിക്കുകയും, ഉപയോഗത്തിനായി 5/6 ബുക്ക് ഒരു സമയം ഇഷ്യൂ ചെയ്യുകയുമാണ് ചെയ്യുന്നത്. ഉപയോഗിച്ചവ തിരികെ പഞ്ചായത്തിൽ ഏല്പിക്കുമ്പോൾ ആയതിന്റെ വിവരം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. യൂസർ ഫീ നൽകുന്നത് രേഖപ്പെടുത്തുന്നതിന് വീടുകളിൽ കളക്ഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഗ്രീൻ വോംസ് എന്ന കമ്പനിക്കാണ് മാലിന്യം വില്പന നടത്തുന്നത്. തുടക്കത്തിൽ ക്ലീൻ കേരളക്കാണ് നൽകിയിരുന്നത്. കൂടുതൽ സെഗ്രഗേഷൻ ആവശ്യമായതും വില കുറവായതും കാരണമാണ് ക്ലീൻ കേരളയെ ഒഴിവാക്കിയത് എന്ന് ഹരിത കർമ്മ സേന സെക്രട്ടറി അറിയിച്ചു.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി കുഴിമണ്ണ സർവ്വീസ് കോ-ഓപ് ബാങ്ക് കിഴിശ്ശേരി ശാഖയിൽ കൺസോർഷ്യം പ്രസിഡണ്ട് സെക്രട്ടറി എന്നിവരുടെ പേരിൽ അക്കൗണ്ട് ഉണ്ട് (നമ്പർ - KUZ0020050009612). 6.12.23 ഈ അക്കൗണ്ടിൽ 52690 രൂപ ബാലൻസ് ഉണ്ട്. നിശ്ചിത മാതൃകയിൽ കാഷ് ബുക്ക് സൂക്ഷിക്കാത്തതിനാലും, വരവ് ചെലവ് കണക്ക് തയ്യാറാക്കി ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാലും ഹരിത കർമ്മ സേനയുടെ 2022-23 ലെ വരവ് ചെലവ് കണക്ക് ലഭ്യമായിട്ടില്ല.

<u>ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിലെ വസ്തുതകൾ താഴെ ചേർക്കുന്നു.</u>

ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം കുടുബശ്രീ അംഗങ്ങളിൽ നിന്ന് രൂപീകരിക്കുന്ന ഹരിത കർമ്മസേനയെ കൺസോർഷ്യമായും മൈക്രോസംരംഭ ഗ്രൂപ്പുകളായും തരം തിരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന പരിധിയിൽ ഹരിത സംരംഭങ്ങൾ രൂപീകരിക്കുന്ന ഒരു സംഘടനയാണ് ഹരിത കൺസോർഷ്യം. ഓരോ വാർഡുകളിലേയും വീടുകളുടേയും എണ്ണം അനുസരിച്ച് പരമാവധി 2 പേരെ നിയോഗിക്കേണ്ടതും ഇത്തരത്തിൽ 3 മുതൽ 5 വരെ വാർഡുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതുമാണ്. ഓരോ സംരംഭക പ്രവർത്തന പരിധിയിലും 250 വീടുകളെങ്കിലും ഉണ്ടാകേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ 2018 ഒക്ടോബർ 5 ന് ഹരിത കൺസോർഷ്യം രൂപീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ മൈക്രോ സംരംഭങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല.

12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വഎം.സി.എഫ് വാർഡ് തലത്തിൽ ഒന്ന് വേണം. കുറഞ്ഞത് രണ്ട് വാർഡുകൾക്ക് ഒന്ന് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം ഉള്ളത് വേണം. പഞ്ചായത്ത് തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാത്തത് നിർമ്മിക്കണം/വാടക്ക് എടുക്കണം.. മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായ ഒരു എം സി എഫ് നാളിത് വരെ സാധ്യമായിട്ടില്ല. നിലവിൽ 1700 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഒരു വാടക കെട്ടിടത്തിലാണ് എം സി എഫ് പ്രവർത്തിച്ചു വരുന്നത്. ഗ്രാമ പഞ്ചായത്തിൽ വാർഡ് തലത്തിൽ എം.സി.എഫുകൾ നിലവിലില്ല. ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ എന്നിവയും നിലവിലില്ല. 2022-23 ലെ പ്രൊജക്ടിൽ ഉൾപ്പെടുത്തി ഹരിത കർമ്മസേനക്കായി ഒരു ഇലക്ട്രിക് ഓട്ടോ വാങ്ങിയിട്ടുണ്ട്. ഇതല്ലാതെ മറ്റ് വാഹനം ഇല്ല. ഗ്രാമ പഞ്ചായത്തിന് എം.സി.എഫ് നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും ബഡ്സ് സ്കൂളിന് അടുത്തായതിനാൽ അനുയോജ്യമല്ല എന്നും, 2021-22 ൽ സ്ഥലം വാങ്ങുന്നതിന് പ്രൊജക്ട് വച്ചിരുന്നുവെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ നടപ്പിലായില്ല എന്നും ഹരിതകർമ്മ സേന സെക്രട്ടറി അറിയിച്ചു.

മേൽ പറഞ്ഞ മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, സ്ക്രാപ്പ് ഇനങ്ങൾ വിറ്റു കിട്ടുന്ന തുകയുമാണ് വരുമാന മാർഗം . മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. മാലിന്യ സംസ്കരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ ഖലയാക്കി മാറ്റുന്നതിന് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് ഉചിതമായ തുടർ നടപടി ഉറപ്പ് വരുത്തേണ്ടതുണ്ട്.

<u>ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ:</u>

1. ഓരോ ദിവസത്തെ വരവും ചെലവും രേഖപ്പെടുത്തി കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. വരവ് വിവരം ഒരു രജിസ്റ്ററിലും ചെലവ് മറ്റൊരു രജിസ്റ്ററിലു രേഖപ്പെടുത്തി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. 1.4.23 മുതൽ കാഷ് ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ നിശ്ചിത മാതൃകയിലല്ല കാഷ് ബുക്ക് എഴുതിയിട്ടുള്ളത്. ബാങ്ക് ഇടപാട് സംബന്ധിച്ച വിവരങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2. വരവ് ചെലവ് കണക്കുകളുടെ മാസാന്ത, വർഷാന്ത സംഗ്രഹം തയാറാക്കി ആയത് ചാർജ്ജ് ഓഫീസർ

സാക്ഷ്യപ്പെടുത്തുന്നില്ല.

3. ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ ചേരേണ്ടതാണ്. ഹരിത കർമ്മസേന അംഗങ്ങളുടെ യോഗം 2022-23 ൽ 2/22 ന് ശേഷം 6/22 ന് ചേർന്നു. തുടർന്ന് 2/23 എരെ എല്ലാ മാസങ്ങളിലും യോഗം ചേർന്നിട്ടുണ്ട്. 3/23 ല്ല ചേർന്നിട്ടില്ല. മിനുട്സ് ക്ലോസ് ചെയ്തിട്ടില്ല.

4. യൂസർ ഫീ നൽകാത്തവരിൽ നിന്നും കുടിശിക വരുത്തിയവരിൽ നിന്നും ആയത് വസ്തു നികുതി കുടിശികയായി ഈടാക്കാൻ GO(Rt)No.789/2023/LSGD Dtd.31.3.23 പ്രകാരം നിർദേശമുണ്ടെങ്കിലും ആയത് നടപ്പിൽ വരുത്തി ഭരണ സമിതി തീരുമാനം എടുത്തിട്ടില്ല.

മേൽ അപാകതകളും, ഘടനാ പരമായും അടിസ്ഥാന സൗകര്യപരവുമായ് പോരായ്മകളും പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ഭവന മേൽക്കൂര മാറ്റൽ, വീട് വാസയോഗ്യമാക്കൽ-എസ്റ്റിമേറ്റ് ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ താഴെ കൊടുത്ത പദ്ധതികൾ പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനും ഭവന മേൽക്കൂര മാറ്റുന്നതിനും ഉണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

| Sl. No | പ്രോജക്ട് | Bill/വൗച്ചർ നമ്പർ |
|---|---|---|
| 1 | 153/23വീട് വാസയോഗ്യമാക്കൽ (ജനറൽ) അടങ്കൽ- 1800000/-(വികസനം ജനറൽ- 1153755,തനത് ഫണ്ട്- 646245) ചെലവ് : 1700000/-(വികസനം ജനറൽ- 1153755,തനത് ഫണ്ട്- 546245) | 2215105203750096490/28.12.2022-650000) |
| | | (22151052037501017069/9.01.2023-500000) |
| | | (22151052037501106371/28.01.23-3755) |
| | | 22201015 Dtd 14.03.23 RS 50000 |
| | | 22200819 Dtd 20.1.2023 RS 250000 |
| | | 22200879 Dtd 03.02.2023 RS 246245 |
| 2 | 157/23വീട് വാസയോഗ്യമാക്കൽ (എസ്.സി) അടങ്കൽ- 900000 (എസ്.സി.പി) ചെലവ്- 900000/- | 22151052037500964982/28.122022-150000) |
| | | 22151052037501017074/9.01.23-300000) |
| | | 22151052037501062701/19.01.23-200000) |
| | | 22151052037501166852/9.02.23-50000) |
| | | 22151052037501213721/20.02.2023-50000) |
| | | 221510520375012161759/28.02.2023-150000) |
| 3. | 104/23വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) അടങ്കൽ- 400000 (തനത് ഫണ്ട്.) ചെലവ് – 100000 | 22200222 Dtd 2.07.2022 RS.50000 |
| | | 22200692 Dtd 15.12.2022 RS.50000 |
| 4 | 105/23 ഭവന മേൽക്കൂര മാറ്റൽ(ജനറൽ) അടങ്കൽ- 50000(തനത് ഫണ്ട്.) ചെലവ്-50000 | 22200312 Dtd 03.08.2022 RS.50000 |

സ.ഉ(കൈ) നം.115/2022/തസ്വഭവ തിയ്യതി 28.05.2022 ,6.7(3), 6.7(4) പ്രകാരം മേൽക്കൂര മാറ്റി പുതിയ

മേൽക്കൂര നിർമ്മിക്കൽ, വീട് വാസയോഗ്യമാക്കൽ എന്നീ പദ്ധതികളുടെ ഗുണഭോക്താക്കൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ പദ്ധതികളിലെ ഗുണഭോക്താക്കൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 7/12.12.23 ന് മറുപടിയായി പ്രവർത്തി പൂർത്തീകരിക്കുന്നതിന് മുൻകൂർ ആയി തുക നൽകാത്തതിനാലാണ് ഗുണഭോക്താക്കൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസിയർ സാക്ഷ്യപ്പെടുത്താതിരുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ട്.പ്രൊജക്ട് നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗരേഖാ നിർദ്ധേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം 2020-21 ൽ ഭവന നിർമ്മാണത്തിനായി കരാർ വെച്ച നിഷ.സി എന്ന ഗുണഭോക്താവ് ധനസഹായത്തിന്റെ ആദ്യ ഘഡു 40000 രൂപ 18.8.2020 നം രണ്ടാമത്തെ ഘഡു 100000 രൂപ 20.09.2022നം കൈപ്പറ്റിയിട്ടുണ്ട്. കരാർ പ്രകാരം കരാർ തീയ്യതി മുതൽ ഒരു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.8/12.12.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.

## 1-30 വാട്ടർ പ്യൂരിഫയർ റെയിഡ്കോയിൽ നിന്നും നേരിട്ട വാങ്ങിയത് സംബന്ധിച്ച്.

നിർവ്വഹണം - മെഡിക്കൽ ഓഫീസർ(ഹോമിയോ)

പ്രൊജക്ട് - 43/23 (ഹോമിയോ ഡിസ്പൻസറിക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നൽകൽ)

അടങ്കൽ തുക - 75000/-, ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് തുക - 74989/- , വൗച്ചർ നമ്പർ - XVFC/2022-23/P/79 Dt: 28.03.2023

മേൽ പ്രൊജക്ട് പ്രകാരം കുഴിമണ്ണ ഗവൺമെന്റ് ഹോമിയോ ഹോസ്പിറ്റലിലേക്ക് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി റീജണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (RAIDCO) എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ കൂടാതെ വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട്. വാങ്ങിയ വാട്ടർ പ്യൂരിഫയറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഇൻവോയ്സ് നമ്പർ : MPM/422/2022-2023/09.03.2023)

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് (ജി എസ് ടി ഒഴികെ) | 18% ജി.എസ്.ടി ഉൾപ്പെടെ തുക |
|---|---|---|---|
| Water Purifier 40 LTR Capacity | 1 | 63550 | 74989 |

1. ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ മേൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 24.11.2022 ലെ ജി ഒ (ആർ ടി) നമ്പർ2911/2022/LSGD ഉത്തരവ് പ്രകാരം നെല്ല്, വിവധ വിത്തുകൾ, തൈകൾ എന്നിവ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനും, സ്വയം ഉൽപാദിപ്പിക്കുന്ന കാർഷിക യന്ത്രങ്ങൾ വിൽക്കുന്നതിനുമുള്ള അംഗീകൃത ഏജൻസിയായി RAIDCO യെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാട്ടർ പ്യൂരിഫയർ മേൽ സ്ഥാപനത്തിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയുള്ളതായി കാണുന്നില്ല. ചെലവിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. ചെലവ് തുക 74989 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 23/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-31 മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)നിർവ്വഹിച്ച പ്രൊജക്ടുകൾ -അപാകതകൾ

1. മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

| പ്രോജക്റ്റ് | അടങ്കൽ | ചെലവ് | Bill/വൗച്ചർ നമ്പർ |
|---|---|---|---|
| 1/23 പരിരക്ഷ പദ്ധതി | 600000/-(വികസനം ജനറൽ-)400000(തനത് ഫണ്ട്-) | ചെലവ് : 598230/-(വികസനം ജനറൽ-),തനത് ഫണ്ട്-399967) | 22151052037800080494/07.05.2022-RS 36080 |
| | | | 22151052037800196858/14.06.2022-RS 39650 |
| | | | 22151052037800281337/07.07.2022-RS 45900 |
| | | | 22151052037800392498/05.08.2022-RS 40100 |
| | | | 22151052037800507000/3.09.2022-RS 40150 |
| | | | 22151052037800626918/11.10.2022-RS 41300 |
| | | | 22151052037800734555/3.11.2022-RS 40150 |
| | | | 22151052037800801545/22.11.2022-RS 98011 |
| | | | 22151052037800884030/8.12.2022-RS 48730 |
| | | | 22151052037801008394/6.01.2023-RS 42030 |
| | | | 22151052037801154092/07.02.2023-RS 50008 |
| | | | 22151052037801213603/20.02.2023-RS 51657 |
| | | | 22151052037801381364 Dtd 17.03.2023-RS24464 |
| | | | വൗച്ചർ നമ്പർ 22201101 Dtd 25.03.23 RS-34100 |
| | | | വൗച്ചർ നമ്പർ 22201065 Dtd 17.03.23 RS-17600 |
| | | | വൗച്ചർ നമ്പർ 22201100 Dtd 25.03.23 RS-81053 |
| | | | വൗച്ചർ നമ്പർ 22201016 Dtd 14.03.23 RS-106516 |
| | | | വൗച്ചർ നമ്പർ 22200982 Dtd 2.03.23 RS-160698 |

മേൽ പ്രൊജക്റ്റ് പ്രകാരം, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരത്തിന് പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF-2215/14.11.2022 ന്റെ അടിസ്ഥാനത്തിൽ 98011/-രൂപ നല്കിയിരുന്നു, എന്നാൽ ചുവടെ ചേർത്തിട്ടുള്ള വിധം 89098/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്ര.നം | ഇൻവോയിസ് നമ്പർ | തുക |
|---|---|---|
| 1 | 19256/09.10.23 | 30106 |
| 2 | 14554/29.07.23 | 2299 |
| 4 | 8327/09.06.23 | 502 |
| 5 | 6064/25.05.23 | 1523 |
| 6 | 7542/03.06.23 | 1067 |

| | | |
|---|---|---|
| 7 | 2276/06.05.23 | 502 |
| 8 | 26058/1.03.23 | 7941 |
| 9 | 25488/23.02.23 | 45158 |
| ആകെ | | 89098 |

8913/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

(2) വാഹന വാടകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.

പാലിയേറ്റീവ് കെയറിന് വാഹന വാടകയിനത്തിൽ വാഹനയുടമ ശ്രീ . റഫീക്ക്.പി .കെ യ്ക്ക് തൻവർഷം ആകെ 204600/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയിൽ നിന്നും 1% ആദായ നികുതി 2046/-രൂപ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അടവാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 22/14.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 ന്യൂട്രിമിക്സ് വിതരണം-ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കിയിട്ടില്ല.

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | ബിൽ നമ്പർ/തിയ്യതി | വിതരണം ചെയ്ത സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | തുക |
|---|---|---|---|---|---|
| 1. | 23/23അംഗനവാടി പോഷകാഹാരം (ജനറൽ)(ചെലവ്- 2970398 പൊതുവിഭാഗം സാധാരണ വിഹിതം, 1175965- കേന്ദ്രാവിഷ്കൃത ഫണ്ട്. | 22151052037300979741 Dtd 30.12.22 | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് | 59/24.11.22 | 128520 |
| | | | | 53/29.10.22 | 126840 |
| | | 22151052037300273703 Dtd 05.07.22 | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് | 4/5.4.22 | 130900 |
| | | | | 8/27.4.22 | 77910 |
| | | 22201139 Dtd 29.03.23 | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് | 84/ 28.02.23 | 175840 |
| | | 22201140 Dtd 29.03.23 | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് | 66/29.12.22 | 131880 |
| | | | | 75/30.01.23 | 137970 |
| | | 22151052037300545572 Dtd 16.09.22 | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് | 26/4.7.22 | 103145 |
| | | | | 120/3.6.22 | 84420 |
| | | | | 138/29.8.22 | 122220 |
| | | | | 32/3.8.22 | 107065 |

| | | | | | |
|---|---|---|---|---|---|
| 2. | 30/23അംഗനവാടി പോഷകാഹാരം (എസ്.സി) | 22200575 Dtd5.11.22 | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് | 45/ 29.09.22 | 127750 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.21/14.12.2023) മറുപടിയായി GST രജിസ്ട്രേഷൻ ലഭിക്കുന്ന മുറക്ക് TDS ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-33 ആർട്ടകോയിൽ നിന്നും പർച്ചേസ് നടത്തിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ ആർട്ട്കോയിൽ നിന്നും ടെണ്ടർ കൂടാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രൊജക്റ്റ് - 271/2 വൃദ്ധർക്ക് കട്ടിൽ

അടങ്കൽ- 809290/-(വികസന ഫണ്ട് - ജനറൽ)

ചെലവ് - 796608/-(ബിൽ നമ്പർ 22151052037301251653 Dtd 25.2.23)

വാങ്ങിയ കട്ടിലുകളുടെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു. (Invoice Number- KKD 317 Dtd 15.02.23, KKD 358 Dtd 23.02.23 ).

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ |
|---|---|---|---|
| H4149-HW/AW COT-198890CM(FRONT LEG 60CM BACK LEG50CM)8MM PLY WOOD TOP | 192 | 3516.10 | 675091.2 |
| ആകെ | | | 675091.2 |
| 18% GST ഉൾപ്പെടെ ആകെ തുക | | | 796608 |

2.പ്രൊജക്റ്റ് - 315/23അംഗനവാടികൾക്ക് ഫർണ്ണിച്ചർ സ്റ്റോറേജ് ബിൻ എന്നിവ വാങ്ങൽ.

അടങ്കൽ- 407194/-(വികസന ഫണ്ട് - ജനറൽ)

ചെലവ് - 407194/-(ബിൽ നമ്പർ 22151052037301516531 Dtd 28.3.23)

വാങ്ങിയ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു. (Invoice Number- KKD 539 Dtd 16.03.23, ).

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ |
|---|---|---|---|
| Fbd-FIBER BABY CHAIR ARMLESS | 25 | 385 | 9625 |
| POO5-PLASTIC CHAIR-ARMLESS | 167 | 625 | 104375 |
| SI8204-STEEL CABINET WITH 3 FIXED SHELVES 66"*33"*18"(20G) | 8 | 7245 | 57960 |
| S18209-STEEL TABLE WITH 3 DRAWER ON RIHGT SIDE OR ONE DRAWER AND ONE CUPBOARD WITH 18MM NOVAPAN TOP48*24*30(20G) | 7 | 5437 | 38059 |
| S182242-STEEL FOOD CCONTAINER WITH STAND-90*60*60 CM-FRAME WITH ANGLE IRON CONVERED WITH GI SHEET | 15 | 7064 | 105960 |
| SCR1818-GI CHAiR—TEACHERS CHAIR | 15 | 1930 | 28950 |
| 18% GST ഉൾപ്പെടെ ആകെ തുക | | | 407194 |

3.പ്രൊജക്റ്റ് - 114/23 അംഗനവാടികളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ.(S.O)

അടങ്കൽ- 247980/-(വികസന ഫണ്ട് - ജനറൽ)

ചെലവ് - 247434/-(ബിൽ നമ്പർ 22151052037300125542 Dtd 23.5.22)

വാങ്ങിയ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു. (Invoice Number- KKD 539 Dtd 16.03.23, ).

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ |
|---|---|---|---|
| POO5-PLASTIC CHAIR-ARMLESS | 282 | 625 | 176250 |
| VG3- PLASTIC MOULDED CHAIR ,COLOUR RED,YELLOW,GREEN,BLUE SIZE-L13XW 12.3XH 20 MATERIAL LASTIC | 95 | 352 | 33440 |
| 18% GST ഉൾപ്പടെ ആകെ തുക | | | 247434 |

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം " മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം SI8204-STEEL CABINET WITH 3 FIXED SHELVES 66"*33"*18"(20G) (ചെലവ് 57960 രൂപ), S18209-STEEL TABLE WITH 3 DRAWER ON RIHGT SIDE OR ONE DRAWER AND ONE CUPBOARD WITH 18MM NOVAPAN TOP48*24*30(20G)S182242-STEEL FOOD CCONTAINER WITH STAND-90*60*60 CM-FRAME WITH ANGLE IRON CONVERED WITH GI SHEET (ചെലവ് 38059 രൂപ) എന്നിവ ഒഴികെയുള്ള സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് അനുമതിയില്ല.ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുമതിയില്ലാത്ത സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ പർച്ചേസ് ചെയ്തത് ക്രമപ്രകാരമല്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 27/ 15-12-2023ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ചെലവിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. ആകെ ചെലവ് ചെയ്ത തുക 796608+407194+247434 =1451236 രൂപയിൽ അനുവദനീയമായ 57960+38059= 96019 രൂപ കഴിച്ച് ബാക്കി തുക 1355217രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 1-34 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അർഹമായ തുക നൽകുന്നില്ല

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2022-23 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ 136/23 നമ്പർ പ്രൊജക്ട് പ്രകാരം 1797080 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 78 കുട്ടികൾക്ക് രണ്ട് തവണയായി പണം അനുവദിച്ച് നൽകി. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ: 136/23 – ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ

അടങ്കൽ തുക : 2279500

തുക : 1797080 രൂപ, (വികസന ഫണ്ട് ജനറൽ - 1367700, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 201430 ജില്ലാ പഞ്ചായത്ത് വിഹിതം - 227950)

ബിൽ റഫറൻസ് നമ്പർ : 22151052037300813366 Dtd 24.11.2022 - 201430

ബിൽ റഫറൻസ് നമ്പർ : 22151052037300871236 Dtd 06.12.2022 – 227950

ബിൽ റഫറൻസ് നമ്പർ : 22151052037301062971 Dtd 19.01.23-461592

ബിൽ റഫറൻസ് നമ്പർ : 22151052037301044681dtd 13.01.23-906108

പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) നമ്പർ 115/2022 ത.സ്വ.ഭ.വ 28-05-2022, 7.1.6 (ബി) പ്രകാരം

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് ചുവടെ ചേർക്കും പ്രകാരം പ്രതിമാസ സ്കോളർഷിപ്പ്, വാർഷിക ബത്ത എന്നിവക്ക് അർഹതയുണ്ട്.

| | |
|---|---|
| പ്രതിമാസ സ്കോളർഷിപ്പ് | 1000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| പഠന സഹായികൾക്ക് / വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2000 |
| ഡേ സ്കോളർ യാത്രാ ബത്ത (പ്രതിമാസം) | 1000 |
| ഉല്ലാസ യാത്രാ ചെലവുകൾ, പഠന പര്യടനം, മുതലായവക്ക് രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |

പ്രതിമാസ സ്കോളർഷിപ്പ് / ബത്ത വർഷത്തിൽ 12 മാസവും നൽകേണ്ടതാണ്. മാനസിക - ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് / ബത്ത നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തികൊണ്ടുള്ള പ്രൊജക്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണ്. മേൽ പട്ടിക പ്രകാരം ഒരു വിദ്യാർത്ഥിക്ക് പ്രതി വർഷം 28500/- രൂപ വരെ അനുവദിക്കാവുന്നതാണ്. എന്നാൽ ആകെയുള്ള 78 കുട്ടികളിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന 14 പേർക്ക് അർഹമായ സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകിയെങ്കിലും, മാനസിക വെല്ലുവിളികൾ നേരിടുന്ന 64 പേർക്ക് സർക്കാർ നിർദേശ പ്രകാരമുള്ള ധനസഹായം പൂർണ്ണമായി നൽകിയിട്ടില്ല. ഓരോ വിദ്യാർത്ഥിക്കും 26062/- രൂപ മാത്രമാണ് അനുവദിച്ച് നൽകിയത്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 28/15.12.2023ന് മറുപടിയായി ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയ മുഴുവൻ തുകയും ലഭിക്കാത്തതിനാലാണ് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് 28500/- രൂപ നൽകാൻ കഴിയാതിരുന്നത് എന്നും വരും വർഷങ്ങളിൽ മുഴുവൻ തുകയും അനുവദിക്കുന്നതാണെന്ന് ഉറപ്പു നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ അർഹമായ തുക വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കിണറിൽ റിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു

പ്രൊജക്ട് : കോട്ടത്തടം പൊതുകിണർ പുനരുദ്ധാരണ, നം.237/23

അടങ്കൽ : 200000 CFC (Tied)

ചെലവ് : 198766 വൗച്ചർ നം.116/AE/22-23/29.3.2023

ടി.എസ്. നം : 77202/2022/2.11.2022 DSoR 2018 COI 36.44%

കരാർ നമ്പർ : 57/AE/LSGD/KMNA/30.12.2022 (ER)

കരാറുകാരൻ : റഷീദ്.യു

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 1.005 കിണറിൻ കോൺക്രീറ്റ് റിംഗ് സ്ഥാപിക്കലാണ്. ഇതിന് സ്പെസിഫിക്കേഷൻ കോഡ് 5.8 പ്രകാരമുള്ള 10127.57/m3 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇ എം.ബുക്ക് പ്രകാരം ഈ പ്രവൃത്തി 5.613 M3 നിർവ്വഹിച്ചിട്ടുണ്ട്. കിണറിൻ കോൺക്രീറ്റ് റിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് സ്പെസിഫിക്കേഷൻ കോഡ് നം.5.7 പ്രകാരമുള്ള 8611.41/m3 നിരക്കാണ് അനുവദനീയം. ഈ നിരക്ക് അനുവദിക്കാതെ അധിക നിരക്ക് അനുവദിച്ചതിനാൽ പ്രൊജക്ടിൽ താഴെ കൊടുത്ത പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം (GST ഉൾപ്പെടെ) |
|---|---|---|
| 5.613x10127.57=56846.05 | 5.613x8611.41=48335.84 | 8510.21x118%=10042 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.20/14.12.2023, മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രകാരം അധികം നൽകിയ 10042 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു. ആയത് ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കിഴങ്ങ് വർഗ്ഗങ്ങൾ അധികവിലക്ക് വാങ്ങി.

പ്രോജക്ട് : 231/23 കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം

അടങ്കൽ :658000/-(വികസനം- ജനറൽ)

ചെലവ് : 240000/- (22151052037601186726/10.02.2023)

കൃഷി ഓഫീസർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം ഒരു കിഴങ്ങു വർഗ്ഗ കിറ്റിന് (ചേന- 2 1/2 Kg,ചേമ്പ്-1kg,നനക്കിഴങ്ങ്-1kg,മഞ്ഞൾ1kg,ഇഞ്ചി-1kg) 500 രൂപ പ്രകാരം ആകെ 480 കിറ്റുകൾ അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ കുഴിമണ്ണയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങി (ഇൻവോയ്സ് നമ്പർ-285/06.02.23) വിതരണം ചെയ്തിട്ടുണ്ട്.2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.4 പ്രകാരം കിഴങ്ങ് വർഗ്ഗങ്ങൾ 100% സബ്സിഡി ഇനത്തിൽ നൽകാൻ അനുമതിയുള്ളതും, ആയതിന്റെ അനുവദനീയമായ യൂണിറ്റ്കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയക്കണമെന്നും നിർദ്ദേശമുള്ളതാണ്. 2022-23 ലെ മലപ്പുറം ജില്ലാ തല യൂണിറ്റ് കോസ്റ്റുകൾ നിശ്ചയിച്ചുകൊണ്ടുള്ള 13.11.2022 ലെ 1212/2022-23/DPC/DPO/MPM നമ്പർ ജില്ലാ ആസൂത്രണ സമിതി മീറ്റിംഗ് മിനട്സ് പ്രകാരം ചേന,ചേമ്പ് എന്നിവയുടെ യൂണിറ്റ് കോസ്റ്റ് 40/Kg- രൂപയും നനക്കിഴങ്ങിന് 70/kg ആണ്. എന്നാൽ ഈ പ്രൊജക്ട് പ്രകാരമുള്ള വാങ്ങലിൽ ചേന,ചേമ്പ്,നനക്കിഴങ്ങ് എന്നിവ യൂണിറ്റ്കോസ്റ്റിലും അധികമായി തുക നൽകിയിട്ടുണ്ട്. .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം,അളവ് | നൽകിയ തുക | യൂണിറ്റ് കോസ്റ്റ് പ്രകാരം നൽകാവുന്നത്. | ഒരു കിറ്റിൽ അധികം നൽകിയത് |
|---|---|---|---|---|
| 1 | ചേന-2 1/2 Kg | 180/- | 100 | 80 |
| 2 | ചേമ്പ്-1 Kg | 80/- | 40 | 40 |
| 3 | നടുതല/നനക്കിഴങ്ങ്-1 Kg | 80/- | 70 | 10 |
| ആകെ | | | | 130/- |

യൂണിറ്റ്കോസ്റ്റിലും അധികമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം തുക നൽകാൻ ആധാരമാക്കിയ ഉത്തരവുകൾ ലഭ്യമാക്കേണ്ടതുമാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 17/13.12.2023) നൽകിയ മറുപടിയോടൊപ്പം അരീക്കോട് ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ കുഴിമണ്ണ എന്ന സ്ഥാപനത്തിന്റെ പുതിയ ഇൻവോയ്സ് തയ്യാറാക്കി 06.02.23 എന്ന പഴയ തിയ്യതി ചേർത്ത് 15.12.23 ന് ഇൻവോയ്സിലില്ലാത്ത കാച്ചിൽ ഉൾപ്പെടുത്തി, ചേമ്പ് എന്ന ഇനത്തിന്റെ തൂക്കത്തിൽ വ്യത്യാസം വരുത്തി സമർപ്പിക്കുകയുണ്ടായി. അതോടൊപ്പം അഞ്ച് ഗുണഭോക്താക്കളിൽ നിന്നും രണ്ടാമത്തെ ഇൻവോയ്സിൽ പറഞ്ഞ പ്രകാരമുളള സാധനങ്ങളാണ് കൈപ്പറ്റിയിട്ടുണ്ട് എന്ന കത്തും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ അഗ്രോ സർവ്വീസ് സെന്റർ വില്പന നടത്തിയ സാധനങ്ങൾ രണ്ടാമത്തെ ഇൻവോയ്സ് പ്രകാരമുള്ളതാണെന്ന് വ്യക്തമാക്കുന്ന സ്ഥാപനത്തിന്റെ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ, കിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ വിശദാംശം പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണ സമിതിയും അംഗീകരിച്ച തീരുമാനങ്ങൾ, ഗുണഭോക്താക്കൾ കിറ്റിൽ ഉൾപ്പെട്ട സാധനങ്ങൾ കൈപ്പറ്റിയതിന്റെ രസീത്, ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ ഇത് സംബന്ധിച്ച സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നില്ല. ഒറിജിനൽ ഇൻവോയ്സ് പ്രകാരം അധികം നൽകിയ തുക ₹ 62400/- (130*480) ഓഡിറ്റിൽ നിരാകരിക്കുന്നു.ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 98/22 - ലൈഫ് ഭവന പദ്ധതി (ജനറൽ)-SO | 200000 | 0 |
| | 840000 | 139/22 - ലൈഫ് ഭവന പദ്ധതി (ജനറൽ) | 840000 | 0 |
| | 1702000 | 142/22 - ലൈഫ് ഭവന പദ്ധതി (എസ്.സി) | 1702000 | 0 |
| | 201430 | 136/22 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 201430 | 0 |
| ജില്ലാ പഞ്ചായത്ത് | 628000 | 108/22 - ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 628000 | 0 |
| | 227950 | 136/22 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 227950 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ചെക്ക് നം. | മുൻകൂർ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി വന്ന തുക |
|---|---|---|---|---|---|---|
| GWD | ബഡ്സ് സ്കൂളിന് കുഴൽ വിണർ നിർമ്മാണം | 5092707201220035 തീയതി 13.12.23 | 83869 | 83869 | പൂർത്തീകരിച്ചു. | 0 |
| GWD | പടിഞ്ഞാറ്റിക്കുന്ന് അംഗൻവാടിക്ക് കുഴൽകിണർ നിർമ്മാണം. | 5092707201220046 തീയതി 25.01.23 | 52865 | 52865 | പൂർത്തീകരിച്ചു. | 0 |
| GWD | പുറ്റമണ്ണ കുന്നമ്മൽ കുഴൽകിണർ നിർമ്മാണം. | 5092707201220036 തീയതി 16-12-2022 | 62763 | 0 | പദ്ധതി ഉപേക്ഷിച്ചു. | 62763 |
| GWD | പോങ്ങാട്ട്പുറായ് ലക്ഷംവീട് കോളനിക്ക് കുഴൽകിണർ നിർമ്മാണം പൂർത്തീകരണം. | 5092707201220037 തീയതി 16-12-2022 | 54851 | 0 | പദ്ധതി ഉപേക്ഷിച്ചു. | 54851 |
| KSEB | ഇലക്ട്രിക് പോസ്റ്റ്കൾ മാറ്റി വെയ്ക്കൽ | 5092707201220046 തീയതി 25.01.2023 | 32073 | 32073 | പൂർത്തീകരിച്ചു | 0 |
| KSEB | അംഗൻവാടികൾക്കും സബ്സെന്ററിനും ലൈൻ വലിക്കൽ | 5092707201220011 തീയതി 24.08.2022 | 92310 | 92310 | പൂർത്തീകരിച്ചു | 0 |
| KSEB | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 5092707201220057 തീയതി 27.02-2023 | 37552 | 37552 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8442000 രൂപ വരവുണ്ട്. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷ വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി (KURDFC) | ജി.ഒ.(എം.എസ്)നം. 68/LSGD തിയതി 18.08.18 | 8442000 | 956666 | 1147135 | 0 | 8251531 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| മലപ്പുറം ജില്ലാ സഹകരണ ആശുപത്രി വിഹിതം | 20000 | 1043/04.01.2022 |
| | ആകെ | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

AFS പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 62106/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2020-21 | 1-12 | 2500 | മാനേജർ,മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ് | 1220100066/ 11.04.2022 |
| 2021-22 | എൻക്വയറി നമ്പർ.30 | 38800 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220101081/ 05.07.2022 |
| 1987-88,88-89 | 1-9(A,B,C) | 800 | സെക്രട്ടറി,കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | 1220101603/ 24.08.22 |
| 2021-22 | എൻക്വയറി നമ്പർ.30 | 2200 | ഹഡ്കോ | 1220102838/ 20.10.22 |
| 2021-22 | എൻക്വയറി നമ്പർ.25 | 8984 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220103006/ 31.10.22 |
| 2021-22 | എൻക്വയറി നമ്പർ.25 | 5102 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220103053/ 03.11.22 |
| 2021-22 | 1-12 | 960 | എൻ.പി.ടി.ട്രേഡേഴ്സ് | 1220108067/ 16.02.22 |
| 2021-22 | 1-12 | 960 | ബെറ്റർ ചോയ്സ് ഹൈപ്പർ മാർക്കറ്റ് | 1220108104/ 16.02.22 |
| 2021-22 | 1-12 | 960 | മാളിയേക്കൽ ഗ്രാനൈറ്റ്സ്,കിഴിശ്ശേരി | 1220108244/ 21.02.23 |

| | | | | |
|---|---|---|---|---|
| 2021-22 | 1-12 | 840 | ഡോ.നൗഫൽ ഡെന്റൽ കെയർ | 1220108398/ 27.02.23 |
| | ആകെ | 62106/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 11 | 2004-05 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പൂർത്തീകരണ വിവരമില്ല | നടപടി തുടർന്നു വരുന്നു |
| 2000-01 | 20 | 2004-05 | ഫർണിച്ചറും ടി.വി യും വാങ്ങി സാക്ഷരതാ പദ്ധതി അവസാനിച്ചു | നടപടി തുടർന്നു വരുന്നു |
| 2010-11 | 3-9 | 2013-14 | ലഘു അവലോകനം | നടപടി തുടർന്നു വരുന്നു |
| 2013-14 2014-15 | 2-1 | 2016-17 | തൊഴിൽ നികുതി ഈടാക്കിയില്ല. | നടപടി തുടർന്നു വരുന്നു. |
| 2013-14 2014-15 | 2-2 | 2016-17 | അൺ എയിഡഡ് സ്കൂളുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല. | നടപടി തുടർന്നു വരുന്നു. |
| 2017-18 | 2-5 | 2018-19 | നിയമപരമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ചുമത്തിയില്ല. | നടപടി തുടർന്നു വരുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.**

ഇല്ല

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.**

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2008-09 | 3-2 | ശ്രീ.പി.പി.രാജൻ, സെക്രട്ടറി | LF.772/ Spl.Cell/CS /D1/13 | 18750 | 0 | 0 | ഇല്ല | 0 | 0 | 0 | 18750 |
| 2 | 2011-12 2012-13 | 3-1 3-3 | ശ്രീമതി.കെ.പി. മിനി മോൾ.എൽ, എൽ.വി.ഇ.ഒ | LF.5817/ Spl.Cell/CSC /D1/15 Dt.26.09.2017 | 1210000 | 0 | 0 | ഇല്ല | 0 | 0 | 0 | 1210000 |
| 3 | 2011-12 2012-13 | 3-4 | ഡോ.കെ.എസ്. കണ്ണൻ, വെറ്റിനറി സർജൻ | LF.5817/ Spl.Cell/CSC /D1/15 Dt.26.09.2017 | 10000 | 0 | 0 | ഇല്ല | 0 | 0 | 0 | 10000 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം .

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 168978498 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 152852456 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 72442 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2124160 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10042 | ശ്രീമതി സുദേഷ്ണ പാലോളി,അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | ശ്രീ ഷരീഫ് ഉമ്മിണിയിൽ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 62400 | ശ്രീമതി നസ്മിയ.കെ, കൃഷി ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 136734 | ശ്രീമതി ഷംലി ഐ പി ,സെക്രട്ടറി |
| 1-18 | 63720 | ശ്രീമതി ഷംലി ഐ പി ,സെക്രട്ടറി |
| 1-21 | 493500 | ശ്രീമതി നസ്മിയ , കൃഷി ഓഫീസർ |
| 1-29 | 74989 | ഡോ. സുനഭ കുമാർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-33 | 1355217 | ശ്രീമതി പാത്തുമ്മ.ഒ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 2124160 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുദേഷ്ണ പാലോളി | അസിസ്റ്റന്റ് എഞ്ചിനീയർ,കുഴിമണ്ണ | കാവുങ്ങൽക്കണ്ടി (ഹൗസ്),കൊഴക്കോട്ടൂർ, അരീക്കോട്,മലപ്പുറം |
| ശ്രീ ഷരീഫ് ഉമ്മിണിയിൽ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഇമ്മിണിയിൽ വീട്, കുറ്റൂളി, വാലില്ലാപുഴ (പി.ഒ), അരീക്കോട്, മലപ്പുറം- 673639 |
| ശ്രീമതി നസ്മിയ | കൃഷി ഓഫീസർ, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | കൊളപ്പറമ്പ് ഹൗസ്, ഈസ്റ്റ് മലയമ്മ, മലയമ്മ (പി.ഒ), കോഴിക്കോട്- 673601 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.എം.8/1203/03 തി:23.03.2004 | 9 |
| 2002-03 | കെ.എസ്.എ.എം.പി.എം.22/981/2023(7) തി:08.08.23 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം.22/411/2019(1) തി:09.12.22 | 1 |
| 2007-08 | കെ.എസ്.എ.എം.പി.എം.22/561/2023(3) തി:25.05.23 | 4 |
| 2008-09 | കെ.എസ്.എ.എം.പി.എം.22/561/2023(4) തി:25.05.23 | 6 |
| 2009-10 | കെ.എസ്.എ.എം.പി.എം.22/1845/22 തി:09.12.22 | 13 |
| 2010-11 | കെ.എസ്.എ.എം.പി.എം.22/41/2022(1) തി:20.06.2022 | 5 |
| 2011-12, 12-13 | കെ.എസ്.എ.എം.പി.എം.22/561/2023(6) തി:25.05.23 | 6 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.22/561/2023(7) തി:25.05.23 | 4 |
| 2015-16 | കെ.എസ്.എ.എം.പി.എം.22/561/2023(8) തി:25.05.23 | 6 |
| 2016-17 | കെ.എസ്.എ.എം.പി.എം.22/561/2023(9) തി:03.07.23 | 5 |
| 2017-18 | കെ.എസ്.എ.എം.പി.എം.22/41/2022(6) തി:29.06.2022 | 8 |
| 2018-19 | കെ.എസ്.എ.എം.പി.എം.22/41/2022(7) തി:29.06.2022 | 18 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.22/2047/2021 തി:3-01-2022 | 17 |
| 2020-21 | കെ.എസ്.എ.എം.പി.എം.22/561/2023(4) തി:08.05.23 | 14 |
| 2021-22 | കെ.എസ്.എ.എം.പി.എം.22/562/2023 തി:11.04.23 | 14 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

എബികെ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 13-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kuzhimanna Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kuzhimanna Grama Panchayat for the year 2022-2023

**Date: 23/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kuzhimanna Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted for audit
i. Ratios
ii. Notes on accounts
iii. Comparative amounts)
2)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balanceof cash and cash equivalents.
3)Asset Register is not upto date and hence not reliable for audit.
4) There is a mismatch between the amount of income as per ACR and AFS I6+B3 amount

in the following funds.

(a) Development fund General (b) Development fund SCP (c)Central finance commission grant tied

5) Investment Register is not producted for verification.

6) Past Date Entry (PDE) file is not prepared under Sankhya Accounting System for the implementation of ILGS system. Hence, the accurcy of items included in the ILGS system is not verified.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്